കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാനൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.16/1091/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-2018 2018

ഇ-മെയിൽ:lfaddistofficeknr@gmail.com
ഫോൺ: 2018 2707698

തീയ്യതി: 02.02.2021

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

ചെയർ പേർസൺ(സെക്രട്ടറി മുഖാന്തിരം)

പാനൂർ നഗരസഭ.

സർ,

വിഷയം: പാനൂർ നഗരസഭ 2018-19-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

-----

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പാനൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-17,1-20,1-33,1-29,1-44 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(എയിംസിൽ)
3.ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4.റീജിനൽജോയിന്റ്ഡയറക്ടർ,നഗരകാര്യം,കോഴിക്കോട്
5.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.16/1091/2020 തീയതി : 02.02.2021

## കണ്ണൂർ ജില്ലയിലെ പാനൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

## <u>ആമുഖം</u>

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാനൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.നഗരസഭ 04/01/2019 മുതൽ തിയ്യതി 15/09/2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

<u>എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രതീഷ് കുമാർ പി എം<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 11-11-2020 മുതൽ 24-11-2020 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.ബാബുരാജ് മടപ്പുരത്ത് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ.ഷഹീൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.അനൂപ് കെ കെ<br>(20-11-2020 വരെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മനോഹരൻ എ വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സുമതി ടി ഒ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ശ്രീജ കെ | ഓഡിറ്റർ |

<u>(സി)നിർവ്വഹണാധികാരികൾ</u>

<u>1.നിർവ്വഹണാധികാരികൾ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ചെയർമാൻ | ശ്രീമതി. കെ വി റംല | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. സ്മിത കുര്യൻ (സൂപ്രണ്ട്, ഇൻചാർജ്) | 01.04.2018 മുതൽ 13.05.2018 വരെ |
| | ശ്രീ. സുധൻ ബി (റവന്യൂ ഇൻസ്പെക്ടർ, | 14.05.2018 മുതൽ |

| | | |
|---|---|---|
| | ഇൻചാർജ്) | 01.07.2018 വരെ |
| | ശ്രീ.സന്തോഷ് കുമാർ മാമ്പള്ളി | 02.07.2018 മുതൽ 31.03.2019 വരെ |

2.നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | ശ്രീമതി.ഷീന | 01.04.2018 മുതൽ 31.03.2019 വരെ |
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ.അനിൽ കുമാർ | 01.04.2018 മുതൽ 28.02.2019 വരെ |
| | ശ്രീ.കെ കെ രാജൻ | 1.3.2019 മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. അനിൽ കുമാർ സി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ(ജി.യു.പിഎസ്,) | ശ്രീ.എൻ.കെ സുകുമാരൻ | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി.സതീദേവി പി വി | 01.06.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. | ശ്രീമിത.ഷൈന കെ ടി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ. അനിൽ കുമാർ കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെൽത്ത് ഓഫീസർ | ശ്രീ.ശ്രീകുമാർ | 01.04.2018 മുതൽ 9.08.2018 വരെ |
| | ശ്രീ.പ്രകാശൻ | 10.08.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ .ജിബിൻ പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | ഡോ ഷാഹിന എ ആർ | 01.04.2018 മുതൽ<br>31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ ക്രിയാത്മകമാക്കേണ്ടതുണ്ട്. | 1-12 |
| 13 | അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. | 1-13 |
| 14 | കുടിവെള്ളപദ്ധതികൾ നടപ്പിലാക്കുന്നത് ക്രിയാത്മകമാക്കേണ്ടത് സംബന്ധിച്ച നിർദേശങ്ങൾ | 1-14 |
| 15 | വിവിധ പ്രോജക്ടുകളിൽ ചെലവഴിച്ച തുക | 1-15 |
| 16 | ഗതാഗത മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ ജാഗ്രതക്കുറവ് | 1-16 |
| 17 | വികസനപ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിച്ച 1,84,80,263 രൂപ പാഴാക്കി | 1-17 |
| 18 | ഫണ്ട് നിഷ്ക്രിയമായി നിലനിൽക്കുന്നത് സംബന്ധിച്ച് | 1-18 |
| 19 | ജീവനക്കാരുടെ അറ്റൻഡൻസ് റജിസ്റ്ററിലെ അപാകങ്ങൾ | 1-19 |
| 20 | ഓഡിറ്റ് റിപ്പോർട്ട് , പെൻഷൻ ഫണ്ട്-തുടർനടപടികൾ സംബന്ധിച്ച് | 1-20 |
| 21 | ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നത് സംബന്ധിച്ച് | 1-21 |
| 22 | ക്യാഷ് ബുക്ക്, രസീത് ബുക്ക് -അപാകങ്ങൾ | 1-22 |
| 23 | ഡിആന്റ് ഒ ലൈസൻസ് നൽകൽ -അപാകതകൾ സംബന്ധിച്ച് | 1-23 |
| 24 | നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് ,പൊതു മാർക്കറ്റ് എന്നിവിടങ്ങളിലെ റൂമുകൾ വാടകയ്ക്ക് നൽകൽ -അപാകതകൾ | 1-24 |
| 25 | തൊഴിൽ നികുതി ഈടാക്കൽ - അപാകതകൾ | 1-25 |
| 26 | അനധികൃത കെട്ടിട നിർമ്മാണം- വിവരങ്ങൾ അപൂർണം | 1-26 |
| 27 | വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ല- നഗരസഭയ്ക്ക് വരുമാന നഷ്ടം. | 1-27 |
| 28 | വാണിജ്യാവശ്യങ്ങൾക്കായുള്ള കെട്ടിടത്തിന്റെ നികുതി | 1-28 |

| | | |
|---|---|---|
| | നിർണ്ണയത്തിലെ അപാകം | |
| 29 | ബി എസ് എൻ എൽ മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഡിമാന്റ് ചെയ്യുന്നില്ല. | 1-29 |
| 30 | മത്സ്യമാർക്കറ്റ്, ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ തുടങ്ങിയവ ലേലം ചെയ്തതിലെ അപാകതകൾ | 1-30 |
| 31 | വൗച്ചർ സൂക്ഷിപ്പിലെ പോരായ്മകൾ | 1-31 |
| 32 | കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റിക്കുള്ള കുടിവെള്ള ചാർജ്-സംയുക്ത പരിശോധന നടത്തിയിട്ടില്ല-കുടിശ്ശിക വിവരങ്ങൾ ലഭ്യമല്ല. | 1-32 |
| 33 | വാഹനങ്ങളുടെ ഇൻഷ്വറൻസ് -സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവ്വഹിച്ചില്ല | 1-33 |
| 34 | സെക്രട്ടറിയുടെ ശമ്പള വിഹിതം സർക്കാരിലേക്ക് ഒടുക്കിവരുന്നില്ല | 1-34 |
| 35 | പത്രപരസ്യം -ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല | 1-35 |
| 36 | ടെക്നിക്കൽ അസിസ്റ്റന്റിന് ഏൺഡ് ലീവ് സറണ്ടർ-20 ദിവസത്തെ ഏൺഡ് ലീവ് സറണ്ടർ-അനുവദനീയമല്ല. | 1-36 |
| 37 | ഉച്ചഭക്ഷണ പാത്രങ്ങൾ വാങ്ങൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത | 1-37 |
| 38 | ഒന്നാം ക്ലാസ് ഒന്നാം തരം പ്രോജക്ട് നടത്തിപ്പിലെ അപാകത | 1-38 |
| 39 | പാലിയേറ്റീവ് രോഗികൾക്ക് പോഷകാഹാര കിറ്റ് നൽകിയതിലെ അപാകത | 1-39 |
| 40 | സാന്ത്വന പരിചരണം | 1-40 |
| 41 | ഒഴിഞ്ഞ ബാരലിന്റെ വില, ജി.എസ്.ടി ഈടാക്കിയിട്ടില്ല. തുക ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടക്കേണ്ടതാണ് | 1-41 |
| 42 | മരാമത്ത് പ്രവൃത്തികൾ ടെണ്ടർ കുറവ് ഈടാക്കിയില്ല. അധികം നല്കിയ ₹40749 തിരികെ ഈടാക്കേണ്ടതാണ് | 1-42 |
| 43 | മരാമത്ത് പ്രവൃത്തി സമയബന്ധിതമായി തീർക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല. | 1-43 |
| 44 | ഭവന നവീകരണം - വാല്യൂവേഷൻ തുകയിലും അധികം നല്കിയ 17,495 രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-44 |
| 45 | ലൈഫ് ഭവന പദ്ധതി പൂർത്തികരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കൽ - ധനസഹായം നല്കിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-45 |
| 46 | പി എം എ വൈ വിവിധ ഗഡുക്കൾ കൈപറ്റിയ 83 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-46 |
| 47 | മോണിറ്ററിംഗ് റിപ്പോർട്ടിലെ അപാകത | 1-47 |
| 48 | നഗര ഉപജീവന മിഷൻ - ഗുണഭോക്താക്കൾക്ക് ഉപയുക്തമാകും വിധം സഹായധനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നില്ല. | 1-48 |
| 49 | കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-49 |
| 50 | പാലിന് സബ്സിഡി ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകിയിട്ടില്ല | 1-50 |

| | | |
|---|---|---|
| 51 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട നിരക്കിൽ ആനുകൂല്യംനൽകിയിട്ടില്ല | 1-51 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 52 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 53 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 54 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 56 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 57 | സ്ഥിര നിക്ഷേപം | 4-6 |
| 58 | ഓഡിറ്റ് റിക്കവറി | 4-7 |
| 59 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 60 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധ പത്രികകൾ | |
| 63 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 64 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 65 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 66 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

28.03.2018 തീയതിയിൽ കൂടിയ 2/18 നമ്പർ തീരുമാന പ്രകാരം നഗരസഭ കൗൺസിൽ ബജറ്റ് അംഗീകരിച്ചു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 27652901 |
| വരവ് | 368633906 |
| ആകെ | 396286807 |
| ചെലവ് | 378748611 |
| നീക്കിയിരിപ്പ് | 17538196 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിയുടെ 27.03.2018ലെ 20(18) നമ്പർ തീരുമാന പ്രകാരം 2018-19 വർഷത്തെ ബജറ്റ് നിർദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് അതിന്റെ ചെയർമാൻ മാർച്ച് ആദ്യവാരം കഴിയുന്നതിന് മുമ്പ് കൗൺസിലിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി വയ്ക്കണമെന്ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 287 ൽ നിഷ്കർഷിക്കുന്നുണ്ട് . എങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2019 | 02.08.2019 | തിരിച്ചയച്ചിട്ടില്ല |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 57576598 |
| വരവ് | 123430635 |
| ആകെ | 181007233 |
| ചെലവ് | 115072111 |
| നീക്കിയിരിപ്പ് | 65935122 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് ** | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ * | 0 | 26236960 | 26236960 | 17747260 | 8489700 |
| വികസന ഫണ്ട്-എസ്.സി.പി * | 0 | 1269667 | 1269667 | 3001375 | (-) 1731708 |
| വികസന ഫണ്ട്-ടി.എസ്.പി * | 0 | 174667 | 174667 | 150000 | 24667 |
| മെയിന്റനൻസ്, റോഡ് * | 0 | 11588000 | 11588000 | 8169541 | 3418459 |
| മെയിന്റനൻസ്, | 0 | 8345000 | 8345000 | 2967466 | 5377534 |

| | | | | | |
|---|---|---|---|---|---|
| നോൺ-റോഡ് * | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് * | 0 | 10760000 | 10760000 | 2670441 | 8089559 |

* ACR പ്രകാരം

** ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ചെലവു തുകയാണ് കാണിച്ചിരിക്കുന്നത്.

1.മുകളിൽ പ്രതിപാദിച്ചിരിക്കുന്നത് ഒഴികെ മറ്റ് ഫണ്ടുകൾ സംബന്ധിച്ച യാതൊരു വിവരങ്ങളും നഗരസഭയിൽ സൂക്ഷിക്കുന്നില്ല

2.തനത് ഫണ്ട് അക്കൌണ്ടിൽ മറ്റ് തുകകൾ നിക്ഷേപിക്കുന്നതിനാലും തനത് ഫണ്ടുകൾ മറ്റ് അക്കൌണ്ടുകളിലും ഉൾപ്പെട്ടിട്ടുള്ളതിനാലും തനത് ഫണ്ടിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ല. ആയതിനാൽ തനത് ഫണ്ടിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

3.ബിഫണ്ട് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. രസീപ്റ്റ് ആന്റ് പോയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തേണ്ട ബിഫണ്ട് തുകകൾ അക്കൗണ്ടിൽ ഉൾപ്പെടാത്തതിനാൽ ഇതിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

4.ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2018-19 വർഷം 2,21,03,453/-രൂപ ലഭിച്ചിട്ടുണ്ട്.ഫണ്ട് വിനിയോഗം സംബന്ധിച്ച് പ്രത്യേകം റജിസ്റ്ററോ,അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല. ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല .

5.എ.സി.ആർ. പ്രകാരം വികസനഫണ്ട് എസ്.സി.പി.-യിൽ വരവിനേക്കാൾ കൂടുതൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 29 | 20 | 12631268 | 6057531 | 47.96 |
| ഡെപ്യൂട്ടി ഡയറക്ടർ കൃഷി | 8 | 6 | 3367380 | 1495025 | 44.40 |
| വെറ്റിനറി സർജൻ | 4 | 4 | 3885000 | 985270 | 25.36 |
| മുനിസിപ്പൽ എഞ്ചിനിയർ | 142 | 54 | 48368250 | 17465269 | 36.11 |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 7 | 7 | 7679898 | 7600234 | 98.96 |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 3 | 3 | 1550000 | 1348438 | 87 |
| മെഡിക്കൽ ഓഫീസർ,(ജി.എ.ഡി) | 1 | 1 | 750000 | 750000 | 100 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| ഹെൽത്ത് ഓഫീസർ | 9 | 5 | 82671753 | 8088758 | 97.84 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ(ജി.യു.പി.എസ്) | 9 | 7 | 3285000 | 2906423 | 88.48 |
| ആകെ | 213 | 108 | 164488549 | 46996948 | 28.57 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 30565433 | 21497260 | 70.33 |
| എസ്.സി.പി | 3809000 | 3031375 | 79.58 |
| ടി.എസ്.പി | 524000 | 150000 | 28.62 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 15093000 | 3996891 | 26.48 |
| ലോകബാങ്ക് ധനസഹായം | - | - | |
| സ്പെഷ്യൽ ഗ്രാന്റ് | - | - | |
| കേന്ദ്രാവിഷ്കൃത വിഹിതം | 53691822 | 2133240 | 4 |
| സംസ്ഥാനാവിഷ്കൃതം | 17275900 | 0 | 0 |
| തനത് ഫണ്ട് | 8589619 | 3207969 | 37.34 |
| സംരക്ഷണഗ്രാന്റ് റോഡ് | 21555000 | 10012747 | 46.45 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 9785000 | 2967466 | 30.32 |
| മറ്റുള്ളവ | 3599775 | 0 | 0 |
| ആകെ | 164488549 | 46996948 | 28.57 |

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാതിരുന്നാൽ സാമ്പത്തിക വർഷാവസാനം പ്രസ്തുത തുക സർക്കാരിലേക്കുതന്നെ നിക്ഷിപ്തമാകും ആയതിനാൽ താഴെ പ്രതിപാദിക്കുന്നവ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

1) പദ്ധതി പണം പാഴാകാതിരിക്കുന്നതിന് ആസൂത്രണ പ്രക്രിയയുടെ ആരംഭത്തിൽ തന്നെ നിർവഹണ കലണ്ടർ തയ്യാറാക്കി പ്രവർത്തിക്കേണ്ടതാണ്.

2) ചെലവിനാധാരമായ ബില്ലുകൾ സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ സമർപ്പിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 213 | 164488549 | 108 | 46996948 | 0 | 105 | 50.70 |

അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിൽ 2018-19 വർഷം നഗരസഭക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. ആകെ അംഗീകാരം ലഭിച്ച 213 പ്രോജക്റ്റുകളിൽ 108 എണ്ണമാണ് 2018-19 വർഷം നടപ്പിലാക്കിയത്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 5000000 | 5000000 | 839040 | 4160960 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | | |

<u>റിമാർക്സ്</u>- ഭരണ ചെലവുകൾ, കൂലി എന്നിവയ്ക്കായി പ്രത്യേകം അലോട്ട്മെൻറുകൾ ലഭിക്കുന്നില്ല. കൂലി ഇനത്തിൽ നല്കിയ തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. നീക്കിയിരിപ്പ് തുകയായി നഗരസഭ അറിയിച്ചിരിക്കുന്നത് 4260224.73 എന്നാണ്. മേൽ തുകകളുടെ ആധികാരികത വ്യക്തമാക്കുന്ന യാതൊരു രേഖയും നഗരസഭയിൽ ഇല്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. തുകകളുടെ ആധികാരികത തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖയും നഗരസഭയിൽ ലഭ്യമല്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 85560 | എണ്ണം നഗരസഭയിൽ ലഭ്യമല്ല |
| കർഷകതൊഴിലാളി പെൻഷൻ | 7050900 | എണ്ണം നഗരസഭയിൽ ലഭ്യമല്ല |
| വിധവാപെൻഷൻ | 25474000 | എണ്ണം നഗരസഭയിൽ ലഭ്യമല്ല |
| വാർദ്ധക്യകാല പെൻഷൻ | 47537100 | എണ്ണം നഗരസഭയിൽ ലഭ്യമല്ല |
| വികലാംഗ പെൻഷൻ | 7598900 | എണ്ണം നഗരസഭയിൽ ലഭ്യമല്ല |
| | | |

| | | |
|---|---|---|
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2230500 | എണ്ണം നഗരസഭയിൽ ലഭ്യമല്ല |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18/11/2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹52707/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ മനസിലാവുന്നു. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തേണ്ടതുണ്ട്. എന്നാൽ 2018-19 കാലയളവിൽ ഒരു തവണപോലും സ്റ്റാഫ് മീറ്റിംഗ് ചേർന്നതായി യോഗമിനിട്സിൽ കാണുന്നില്ല. ഉദ്യോഗസ്ഥരുടെ ജോലി പുരോഗതി, നഗരസഭയുടെ മൊത്തത്തിലുള്ള പ്രവർത്തനം പ്രത്യേകിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തപ്പെടുന്നില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള മേൽ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യം പരിശോധിക്കുന്നില്ല.ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ കാഷ്വൽ ലീവ് റജിസ്റ്റർ കൃത്യമായി എഴുതിസൂക്ഷിച്ചിട്ടില്ല. നേരത്തെയുണ്ടായിരുന്ന മൂന്നു ഗ്രാമ പഞ്ചായത്തുകളുടെയും ആസ്തികൾ ക്രോഡീകരിച്ച് ആസ്തി റജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഫണ്ട് വരവ്, അവയുടെ വിനിയോഗം, നീക്കിയിരിപ്പ്, അവയുടെ അക്കൗണ്ടിംഗ് ,വാർഷിക കണക്കുകൾ തയ്യാറാക്കൽ, എന്നിവ കാര്യക്ഷമമായും ഉത്തരവാദിത്തത്തോടെയും നിർവഹിക്കുന്നതിൽ നഗരസഭാ ജീവനക്കാർ പോരായ്മ വരുത്തുന്നു. അവ കണ്ടെത്തുന്നതിലും നിയന്ത്രിക്കുന്നതിലും നഗരസഭയുടെ സമഗ്രമായ വികസനത്തിന് ഉപയുക്തമാവും വിധം ജീവനക്കാരെ നയിക്കുന്നതിലും, ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിലും നഗരസഭാ കൗൺസിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | മറ്റ് ഓഡിറ്റ് നടത്തിയത് സംബന്ധിച്ച വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | | |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.തൊഴിൽ നികുതിയിനത്തിൽ 2018-19 ലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്റർ പ്രകാരമുള്ള വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

(AFS പ്രകാരം വരവ് ₹4247576, DCB പ്രകാരം വരവ് ₹4346976)

2.തൊഴിൽ നികുതിയിനത്തിലെ ഡിമാന്റ് AFS പ്രകാരവും രജിസ്റ്റർ പ്രകാരവും വ്യത്യാസമുണ്ട്. (AFS പ്രകാരം ഡിമാന്റ് ₹4787242, DCB പ്രകാരം ഡിമാന്റ് ₹4742742)

3.വസ്തുനികുതി ഡിമാന്റ് , കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ AFS ,സഞ്ചയ റിപ്പോർട്ട് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

4.ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിലെ വരവ്, നീക്കിയിപ്പ് എന്നിവയുടെ റജിസ്റ്റർ പ്രകാരമുള്ളതും വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

5.ഡെപ്പോസിറ്റ് രജിസ്റ്റർ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് വരവ് , ചെലവ്, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6.ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-11 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7.Notes on Account തയ്യാറാക്കിയിട്ടില്ല

8.വിവിധ അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ നടത്തി ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9.ബി- 18 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

## 1-12 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ ക്രിയാത്മകമാക്കേണ്ടതുണ്ട്.

ജനകീയാസൂത്രണ പ്രക്രിയയിലെ പദ്ധതി രൂപീകരണ വേളയിലെ ശക്തമായ സാന്നിധ്യമായി പ്രവർത്തിക്കേണ്ടതും തുടർന്ന് പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുകവഴി ആസൂത്രണ പ്രക്രിയയിലെ സജീവനാഡിയായി മാറുകയും ചെയ്യേണ്ട രീതിയിലാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ഘടന വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പാനൂർ നഗരസഭയിൽ ആസൂത്രണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ശുഷ്കമാണ്. നഗരവികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തി, പ്രോജക്ട് നിർദേശങ്ങൾ വികസന സെമിനാറിലും കൗൺസിലിനു മുമ്പാകെയും സമർപ്പിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യാതൊരു നിർദേശവും 2018-19 ൽ സമർപ്പിച്ചിട്ടില്ല എന്നത് വളരെ പരിതാപകരമായ അവസ്ഥയെ സൂചിപ്പിക്കുന്നു.

പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് അത്യന്താപേക്ഷിതമായ ഒന്നാണ് ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം. അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത്.വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചപ്പോൾ കൃഷി ഒഴികെയുള്ള ഒരു വർക്കിംഗ് ഗ്രൂപ്പും പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-13 അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല.

നഗരസഭയുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ട ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിയുകയും ചെയ്യുക, ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നീ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ 2018-19 ൽ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി തൻ വർഷം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | 276/19 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് | നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല |
| 2 | 280/19 | മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി നിർമാണം | നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല |
| 3 | 285/19 | തുമ്പൂർ മൂഴി മാതൃക മാലിന്യ സംസ്കരണ യൂണിറ്റ് | നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല |

ഈ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/18-19 തീയ്യതി 18.11.2020 ന് നൽകിയ മറുപടി പ്രകാരമുള്ള വിവരങ്ങളാണ്

മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ സ്വകാര്യ ഏജൻസിക്ക് കൈമാറുകയാണ് ചെയ്യുന്നത് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പൊതുജന ആരോഗ്യത്തെ ബാധിക്കുന്നതും നഗരസഭയുടെ അനിവാര്യ ചുമതലകളിൽപെട്ടതുമായ ഇത്തരം പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടവയാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും നഗരസഭാ കൗൺസിലിന്റെയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-14 കുടിവെള്ളപദ്ധതികൾ നടപ്പിലാക്കുന്നത് ക്രിയാത്മകമാക്കേണ്ടത് സംബന്ധിച്ച നിർദേശങ്ങൾ

നഗരസഭയിലെ താഴെ പ്രതിപാദിക്കുന്ന കുടിവെള്ള പദ്ധതികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതികൾ വഴി കുടിവെള്ളം ലഭിക്കുന്നുണ്ട് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/18-19 തീയ്യതി 17.11.2020 ന് നൽകിയ മറുപടി പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയ പട്ടിക ചുവടെ കൊടുക്കുന്നു.

| കുടിവെള്ള പദ്ധതി | നിലവിലെ അവസ്ഥ | ഗുണഭോക്താക്കൾ | മറ്റ് വിശദാംശങ്ങൾ/ പ്രവർത്തിക്കുന്നില്ലെങ്കിൽ കാരണം |
|---|---|---|---|
| ചേടിപ്പറമ്പ് കുടിവെള്ളപദ്ധതി | നല്ല രീതിയിൽ പ്രവർത്തിക്കുന്നു. | 25 | - |
| മഞ്ഞാമ്പ്രത്ത് താഴെ കുടിവെള്ള പദ്ധതി | നല്ല രീതിയിൽ പ്രവർത്തിക്കുന്നു. | 21 | - |
| ചേടിപ്പറമ്പ് മുക്ക് കുടിവെള്ള പദ്ധതി | നല്ല രീതിയിൽ പ്രവർത്തിക്കുന്നു. | 25 | - |
| വട്ടക്കണ്ടി ലക്ഷം വീട് കിണർ | ഉപയോഗിക്കുന്നില്ല | | കിണറിലെ വെള്ളം ഉപയോഗപ്രദമല്ല |
| കിടഞ്ഞി കുടിവെള്ളപദ്ധതി | നല്ല രീതിയിൽ പ്രവർത്തിക്കുന്നു. | 30 | - |
| വട്ടക്കുന്നുമ്മൽ കുടിവെള്ള പദ്ധതി(വാർഡ് 22) | നല്ല രീതിയിൽ പ്രവർത്തിക്കുന്നു. | 5 | - |
| പെരുമോത്ത് കുടിവെള്ള പദ്ധതി | നല്ല രീതിയിൽ പ്രവർത്തിക്കുന്നു. | 60 | - |
| തട്ടാങ്കണ്ടി കുടിവെള്ള പദ്ധതി | നടപ്പാക്കിയിട്ടില്ല | - | - |
| കനകമല കുടിവെള്ള പദ്ധതി | നല്ല രീതിയിൽ പ്രവർത്തിക്കുന്നു. | 60 | - |

എന്നാൽ നഗരസഭയിലെ കുടിവെള്ളവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചപ്പോൾ വാർഡ് 6, 16, 22, 37, 38, എന്നിവയിൽ കുടിവെള്ളക്ഷാമം രൂക്ഷമായി തുടരുന്നതായി രേഖപ്പെടുത്തിക്കാണുന്നു. മേൽപട്ടികയിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കിയ പെരുമോത്ത്, വട്ടക്കുന്നുമ്മൽ , കനകമല എന്നീ കുടിവെള്ള പദ്ധതികളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നും മിനുട്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവ പരിശോധിച്ച് നഗരസഭാ പരിധിയിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുതകുന്ന നടപടികൾക്കായി നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-15 വിവിധ പ്രോജക്ടുകളിൽ ചെലവഴിച്ച തുക ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

ചെലവു പത്രികയിൽ രേഖപ്പെടുത്തലുകൾ വരുത്താതെ നഗരസഭ ചെലവ് നടത്തുന്നതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ട് -7/19 വിധവകൾക്ക് പച്ചക്കറി കൃഷിക്ക് ഗ്രോബാഗ്

അടങ്കൽ - 1,14,000 (വികസന ഫണ്ട്), 38,000 (മറ്റുള്ളവ) ആകെ -152000

ആകെ ചെലവ് - 113400,

(2)പ്രോജക്ട് -9/19 കേടുവന്ന തെങ്ങ് മുറിച്ചുമാറ്റി പുതിയ തൈ വെക്കൽ

അടങ്കൽ - 367516(വികസനഫണ്ട്), 4,20,000(മറ്റുള്ളവ) ആകെ -787516

ആകെ ചെലവ് - 367516

മേൽ പറഞ്ഞ രണ്ടു പ്രോജക്ടുകളുടെ ഭാഗമായി സ്വീകരിച്ച ഗുണഭോക്തൃ വിഹിതം നഗരസഭയിൽ അടവാക്കുകയും വിധവകൾക്ക് പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് നൽകിയ ഇനത്തിൽ VFPCK ക്ക് ₹37800, പുതിയ തെങ്ങിൽ തൈ വാങ്ങിയ വകയിൽ കോക്കനട്ട് നഴ്സറിക്ക് ₹12559 യും (ഗുണഭോക്തൃ വിഹിതം അനുവദിച്ച ചെക്ക് നമ്പർ - 3074025 തീയ്യതി 27.03.2019 ₹50359) നൽകുകയും ചെയ്തിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥൻ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രതിപാദിച്ച ചെലവ് സുലേഖ ചെലവുപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

3.പ്രോജക്ട് -5/19 നെൽകൃഷിക്ക് വിത്തും കൂലിച്ചെലവും

അടങ്കൽ - 323200 (തനത് ഫണ്ട്),272000(മറ്റുള്ളവ) ആകെ -595200

ചെലവ് - ചെലവ് പത്രികയിൽ തുക രേഖപ്പെടുത്തിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ രേഖകൾ ലഭ്യമാക്കിയപ്പോൾ തനതുഫണ്ടിൽ നിന്നുള്ള ₹63,348 രൂപയുടെ (ചെക്ക് നമ്പർ-3074004/12.11.2018) ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് സുലേഖ ചെലവുപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

പ്രോജക്ടിനായി ചെലവഴിച്ച തുക ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/18-19 തീയ്യതി 16.11.2020-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിനായി ഈ വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 ഗതാഗത മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ ജാഗ്രതക്കുറവ്

മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ ഗതാഗത മേഖലയിൽ 2018-19 ൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | വികസന ഫണ്ട് | മെയിന്റനൻസ് ഫണ്ട് | തനത് ഫണ്ട് | ആകെ |
|---|---|---|---|---|
| വകയിരുത്തിയത് | 1,11,82,174 | 1,43,47,000 | 11,70,000 | 2,66,99,174 |
| ചെലവ് | 34,97,305 | 1,00,12,747 | 2,97,627 | 1,38,07,679 |
| വകയിരുത്തിയതും ചെലവഴിച്ചതും തമ്മിലുള്ള വ്യത്യാസം | 76,84,869 | 43,34,253 | 8,72,373 | 1,28,91,495 |

₹1,28,91,495 (ഒരു കോടി ഇരുപത്തി എട്ടു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി നാനൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ ) വകയിരുത്തിയതിലും കുറവായിട്ടാണ് ചെലവഴിച്ചിരിക്കുന്നത്. നടപ്പാക്കിയിരുന്നെങ്കിൽ പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാകുമായിരുന്ന ഗതാഗത മേഖലയിലെ പദ്ധതികൾ നടപ്പാക്കാത്തത് ഗൗരവകരമായി വിലയിരുത്തേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/18-19 തീയ്യതി 18.11.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവണ ഉദ്യോഗസ്ഥന് ഈ വിഷയത്തിൽ സംഭവിച്ച വീഴ്ച പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയും നഗരസഭാ കൗൺസിലും ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തി പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്താൻ നിർദേശിക്കുന്നു.

## 1-17 വികസനപ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിച്ച 1,84,80,263 (ഒരുകോടി എൺപത്തി നാലു ലക്ഷത്തി എൺപതിനായിരത്തി ഇരുനൂറ്റി അറുപത്തി മൂന്ന് രൂപ) പാഴാക്കി

ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും നഗരസഭയുടെ സമഗ്രവികസനത്തിനുമായി സർക്കാർ 2018-19 ൽ അനുവദിച്ച തുക , പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാത്തതുമൂലം ചെലവഴിക്കാനാവാതെ പാഴാക്കിയതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/18-19തീയ്യതി 17.11.2020 ന് തൃപ്തികരമായ വിശദീകരണം നഗരസഭ ലഭ്യമാക്കുകയുണ്ടായില്ല. പദ്ധതി തുക പാഴാക്കിയത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും, കൂടുതൽ ജാഗ്രതയോടുകൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലേക്കും ഈ വിഷയം നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

| ഫണ്ട് | ലഭിച്ച തുക<br>എ സി ആർ പ്രകാരം | ചെലവഴിച്ച തുക<br>സുലേഖ പ്രകാരം | ലാപ്സ് ആയ തുക |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 2,62,36,960 | 21497260 | 47,39,700 |
| വികസനഫണ്ട് (ടി എസ് പി) | 1,74,667 | 1,50,000 | 24,667 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 1,07,60,000 | 39,96,891 | 67,63,109 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1,15,88,000 | 1,00,12,747 | 15,75,253 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 83,45,000 | 29,67,466 | 53,77,534 |
| ആകെ | 5,71,04,627 | 3,86,24,364 | 1,84,80,263 |

## 1-18 ഫണ്ട് നിഷ്ക്രിയമായി നിലനിൽക്കുന്നത് സംബന്ധിച്ച്

വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റിലെ 320809900 എന്ന ശീർഷകത്തിൽ (01.04.2018 മുതൽ 31.03.2019 വരെ) ₹19,23,791 നിഷ്ക്രിയമായി കിടക്കുന്നതായി കാണുന്നു. പ്രസ്തുത തുക എന്ത് ആവശ്യത്തിനുവേണ്ടി ലഭിച്ചതാണെന്നും, ഉപയോഗിക്കാത്തതിന് കാരണം എന്ത് എന്നും വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/18-19 തീയ്യതി 17.11.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത തുക നഗരസഭാ പരിധിയിൽ ഫലപ്രദമായി ഉപയോഗിക്കാനാവുന്നില്ലെങ്കിൽ തുക ലഭിച്ച ഫണ്ട് ഹെഡ്ഡിലേക്ക് തിരികെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-19 ജീവനക്കാരുടെ അറ്റൻഡൻസ് റജിസ്റ്ററിലെ അപാകങ്ങൾ

2018, 2019 വർഷങ്ങളിലെ അറ്റൻഡൻസ് റജിസ്റ്റർ പരിശോധിച്ചപ്പോൾ പ്രവൃത്തി ദിവസങ്ങളിൽ ഉദ്യോഗസ്ഥർ ഹാജർ, അവധി എന്നിവ രേഖപ്പെടുത്താതെ ഒഴിച്ചിട്ടതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ആയതിന് കാരണം വല്ലതുമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 24/18-19 തീയ്യതി 19.11.2020-ന് നൽകിയ മറുപടി പരിഗണിച്ചുകൊണ്ട് നൽകിയ പട്ടിക ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് | രേഖപ്പെടുത്തലുകളില്ലാത്ത തീയ്യതികൾ | മറുപടി |
|---|---|---|---|---|
| 1 | ശ്രീഷ്മ പി സി | ഓഫീസ് | 21.04.2018, | മറുപടി ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | അറ്റൻഡന്റ് | 10.09.2018 | |
| 2 | ഖാലിദ് വി | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 30.05.2018 (AN)<br>31.05.2018 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 3 | ഉഷ പി സി | ക്ലാർക്ക് | 18.06.2018 | ലീവ് മാർക്ക് ചെയ്യാൻ വിട്ടുപോയതാണ്. |
| 4 | ശ്രീലേഖ പി സി | ക്ലാർക്ക് | 02.06.2018<br>07.06.2018<br>11.06.2018<br>14.06.2018<br>21.06.2018<br>22.06.2018<br>23.06.2018 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 5 | കെ വി പുരുഷോത്തമൻ | റവന്യൂ ഇൻസ്പെക്ടർ | 31.12.2018 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 6 | ബാബു സി | സീനിയർ ക്ലാർക്ക് | 22.12.2018 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 7 | ജ്യോതി ലക്ഷ്മി എസ് | സീനിയർ ക്ലാർക്ക് | 01.12.2018<br>14.12.2018<br>14.12.2018 | ലീവ് മാർക്ക് ചെയ്യാൻ വിട്ടുപോയതാണ്. |
| 8 | ശ്യാമകുമാരി എസ് | സീനിയർ ക്ലാർക്ക് | 14.12.2018<br>15.12.2018<br>26.12.2018<br>31.12.2018 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 9 | സന്തോഷ് കുമാർ മാമ്പള്ളി | സെക്രട്ടറി | 01.01.2019 | പ്രസ്തുത ദിവസം തിരുവനന്തപുരത്താണെന്ന് മറുപടി നൽകി |

നിലവിൽ നഗരസഭാ കാര്യാലയത്തിൽ സേവനത്തില്ലാത്തവർക്ക് മറുപടി നൽകുന്നതിനായി 23.11.2020 ന് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ മറുപടി പരിശോധിച്ച് അർഹമായ അവധിയായി ക്രമീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

### 1-20 ഓഡിറ്റ് റിപ്പോർട്ട് , പെൻഷൻ ഫണ്ട്-തുടർനടപടികൾ സംബന്ധിച്ച്

1)കേരള മുനിസിപ്പാലിറ്റി (എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) റൂൾസ് 1996 പ്രകാരമുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് നഗരസഭയിൽ രൂപീകരിച്ചിട്ടില്ല. ടി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം മുനിസിപ്പൽ പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്. ഇപ്പോൾ പെൻഷനുകൾ നൽകിവരുന്നത് മുനിസിപ്പൽ തനത് ഫണ്ടിൽ നിന്നാണ്. പെൻഷൻ ഫണ്ട് രൂപീകരിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2) കേരള മുനിസ്പ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(1) ൽ നിർദ്ദേശിച്ച പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ കൗൺസിൽ എടുത്ത തീരുമാനം രണ്ടാഴ്ചക്കുള്ളിൽ പെർഫോമൻസ് ആഡിറ്റർക്ക് (RJDMA) അയച്ചുകൊടുക്കേണ്ടതും റിപ്പോർട്ടിന്മേൽ നഗരസഭ കൈക്കൊള്ളേണ്ട നടപടികളെപ്പറ്റി ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നഗരകാര്യ ഉപഡയരക്ടറിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം റിപ്പോർട്ട് അയച്ചു കൊടുക്കുകയോ ആവശ്യമായ മാർഗനിർദ്ദേശങ്ങൾ ലഭ്യമാക്കുകയോ ഉണ്ടായിട്ടില്ല.

3) കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 15(2) ചട്ടം അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, കൗൺസിൽ എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം വാർഡു സഭകളിൽ ചർച്ചക്ക് വെക്കുകയും ചെയ്യേണ്ടതുണ്ട്.

4)കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 22(എ) വകുപ്പ് പ്രകാരം വരവുകളുടെ തിട്ടപ്പെടുത്തലും ഈടാക്കലും, ചെലവുകളുടെ ആദ്യ ഓഡിറ്റ് നടത്തേണ്ടതും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയാണ്. വരവു ചെലവുകളുടെ സുതാര്യത ഉറപ്പു വരുത്തതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ബാധ്യതപ്പെട്ട ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി, നഗരസഭയുടെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരിഗണനക്ക് വിധേയമാക്കുകയോ സ്റ്റാന്റിങ്ങ് കമ്മറ്റി യോഗം ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-21 ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കണമെന്ന് സർക്കാർ ആവർത്തിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ കൈവശമുള്ള ആസ്തികളുടെ ശരിയായ കണക്ക് ഉണ്ടാക്കുന്നതിനും അവയുടെ കൃത്യമായ പരിപാലനം ഉറപ്പു വരുത്തുന്നതിനും ഇത് അത്യാവശ്യമാണ്. ഇതിനായി ഐ.കെ.എം.വികസിപ്പിച്ചെടുത്ത "സചിത്ര "സോഫ്റ്റ് വെയറിൽ സമയബന്ധിതമായി ആസ്തികൾ ചേർത്ത് മൂല്യം തിട്ടപ്പെടുത്തുന്നതിന് ഒരു എൻട്രിക്ക് 5/- രൂപ നിരക്കിൽ ആളുകളെ നിയമിക്കാനും അനുമതി നൽകിയിരുന്നു.(സ .ഉ.(കൈ) നം.167/2016/തസ്വഭവ തീയതി 14. 11. 2016)

മുൻപ് ഗ്രാമപഞ്ചായത്തുകളായിരുന്ന പാനൂർ, പെരിങ്ങളം, കരിയാട് എന്നീ സ്ഥാപനങ്ങളുടെ ആസ്തി സംബന്ധമായ വിവരങ്ങൾ ചേർത്ത് ഡിജിറ്റലൈസ് ചെയ്ത ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ എന്ന് നഗരസഭ വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നഗരസഭയുടെ ശ്രദ്ധ പതിയണമെന്നും ആസ്തികളുടെ ശരിയായ സൂക്ഷിപ്പും പരിപാലനവും ഉറപ്പു വരുത്തണമെന്നും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-22 ക്യാഷ് ബുക്ക്, രസീത് ബുക്ക് സൂക്ഷിപ്പ് -അപാകങ്ങൾ

1) 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ അക്കൗണ്ട്സ് ഓഫീസർ പ്രതിദിനം പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.ക്യാഷ് ബുക്ക് പ്രതിദിനം പരിശോധന നടത്തേണ്ടതാണ്.

2) 11-1-19 മുതൽ13-12-19 വരെ വിതരണം ചെയ്ത 71 മാന്വൽ രസീതു ബുക്കുകളിൽ 6 രസീത് ബുക്കുകൾ (ബുക്ക് നം 26,36,43,45,78,86)ഉപയോഗിച്ചിട്ടില്ല. ഇതിൽ ബുക്ക് നം 26,43 ക്യാൻസൽ ചെയ്തിട്ടുണ്ട്.ബുക്ക് നം 86 , 1-4-20 ന് തിരിച്ചേൽപിച്ചിട്ടുണ്ട്. ബാക്കിയുള്ള ബുക്കുകൾ കൂടി തിരികെ സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉപയോഗിച്ച ബുക്കുകളിൽ ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്.

3) രസീത് ക്യാൻസൽ ചെയ്യുമ്പോൾ ഉത്തരവാദിത്തപെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.ഉദാഹരണം-രസീത് നം 6344,7825,8029. ക്യാൻസൽ ചെയ്യുന്ന രശീതുകളിൽ ആയതിന്റെ കാരണം രേഖപ്പെടുത്തി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4) മാന്വൽ രസീത് പ്രകാരം തുക പിരിച്ചെടുക്കുമ്പോൾ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിക്കേണ്ടതാണ്. എന്നാൽ ഓഫീസ് കലക്ഷനുവേണ്ടി ഉപയോഗിച്ച ബുക്ക് നം 56 ,5501 മുതൽ 5542 വരെയുള്ള രസീതുകളിൽ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

രസീതുകൾ കൈകാര്യം ചെയ്യുന്നതിലെ അശ്രദ്ധ, സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിയൊരുക്കുമെന്നതിനാൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-23 ഡിആന്റ് ഒ ലൈസൻസ് നൽകൽ -അപാകതകൾ സംബന്ധിച്ച്

1.ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ്

1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1) അനുസരിച്ച് നഗരസഭാ പരിധിയിലെ സ്ഥലങ്ങൾ ഏതാവശ്യത്തിനും ലൈസൻസ് കൂടാതെ ഉപയോഗിക്കരുത് എന്ന് വ്യക്തമാക്കുന്നുണ്ട് . 2018-19 ലെ പാനൂർ നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരം 9,410/- രൂപ ലൈസൻസ് ഫീ ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ളതായി ബാലൻസ് ഷീറ്റിൽ കാണിക്കുന്നുണ്ട്. ലൈസൻസ് ഫീ ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക കാണിക്കുന്നത് നഗരസഭ പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നതാണ് . ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് കണ്ടെത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2. നഗരസഭാ പ്രദേശങ്ങൾ മേഖല തിരിച്ച് വിജ്ഞാപനം നടത്താതെ ലൈസൻസ് ഫീ ഈടാക്കുന്നതിനാൽ ലൈസൻസ് ഫീ വരവ് ഇനത്തിൽ നഷ്ടം സംഭവിക്കുന്നു.

2011ലെകേരളാ മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റുവ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 4അനുസരിച്ച് മുൻസിപ്പൽ പരിധിയിൽ വ്യാപാരം /കച്ചവടം/ തൊഴിൽ എന്നിവ നടത്തുന്നതിന് വ്യാപാരത്തിന്റെ പ്രാധാന്യം, വ്യാപാര സ്ഥാപനത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി എ.ബി.സി. എന്നീ മൂന്ന് വിഭാഗങ്ങളായി തരം തിരിച്ച് ലൈസൻസ് നൽകി ഫീ ഈടാക്കേണ്ടതും ലൈസൻസ് ഫീ നിരക്ക് ഇതോടനുബന്ധമായ പട്ടിക 1, പട്ടിക11 എന്നിവയിൽ കാണിച്ചതിനനുസൃതമായിരിക്കേണ്ടതുമാണ്. എന്നാൽ പാനൂർ നഗരസഭയിൽ ഇതിനായി മുനിസിപ്പൽ കൗൺസിലിന്റെ അനുവാദത്തോടെ സെക്രട്ടറി മേഖല തിരിച്ച് നാളിതുവരെയായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

നഗരസഭയിൽ മുകളിൽ പറഞ്ഞതിനനുസൃതമായ എ.ബി.സി മേഖലകൾ തിരിക്കാതെ ലൈസൻസ് ഫീ ഈടാക്കിയതിനാൽ ലൈസൻസ് ഫീ ഇനത്തിൽ വരവ് നഷ്ടം ഉണ്ടാകാനിടയുണ്ട്.2011ലെകേരളാ മുൻസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 4 പട്ടിക 1 ,11 എന്നിവ അനുസരിച്ച് താഴെ പറയുന്ന വ്യാപാരങ്ങൾ നടത്താൻ ഈടാക്കേണ്ട ലൈസൻസ് ഫീ താഴെ പറയും പ്രകാരമാണ്.

| ഇനവിവരം | പ്രതിവർഷം ഈടാക്കാവുന്ന ലൈസൻസ് ഫീ | | |
|---|---|---|---|
| | എ വിഭാഗം | ബി. വിഭാഗം | സി. വിഭാഗം |
| സ്വർണ്ണം ശുദ്ധികരിക്കുകയോ ,വിൽപ്പനയ്ക്കായി ശേഖരിക്കുകയോചെയ്യുക | 4000 | 2500 | 1000 |
| കല്യാണ മണ്ഡപങ്ങൾ,വിവാഹം നടത്തുന്ന ആഡിറ്റോറിയങ്ങൾ | 6000 | 5000 | 4000 |
| മെറ്റൽ ക്രഷിംഗ് | 3000 | 2000 | 1000 |
| മോട്ടോർ വാഹന വിൽപന (ഇരുചക്രം,മുചക്രം ഒഴികെ) | 2000 | 1500 | 1000 |
| കശുവണ്ടിശേഖരണം,വിൽപന | 1000 | 500 | 200 |
| ബ്യൂട്ടി പാർലർ നടത്തുക | 600 | 500 | 450 |
| തുണി വിൽപന | 750 | 500 | 250 |
| ഇരുചക്ര,മുചക്ര വാഹന വിൽപന | 2000 | 1500 | 1000 |
| വാച്ച് വിൽപന | 500 | 300 | 200 |
| ടയർ വിൽപന | 700 | 600 | 500 |

| | | | |
|---|---|---|---|
| ലബോറട്ടറി നടത്തിപ്പ് | 1000 | 750 | 500 |
| റേഷൻ ഡിപ്പോ | 450 | 350 | 250 |
| ടെലിവിഷൻ വിൽപന | 1500 | 1000 | 750 |
| ബേക്കറികൾ | 2250 | 1500 | 1000 |
| ഇന്റർ നെറ്റ് കഫെ | 300 | 250 | 200 |
| സ്റ്റുഡിയോ നടത്തുക | 500 | 300 | 250 |

മുകളിൽ പട്ടികയിൽ കാണിച്ച പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കേണ്ടതെങ്കിലും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് പട്ടികയിൽ സി. വിഭാഗത്തിൽ കാണിച്ചതിലും കുറവ് തുകയാണ് ഈടാക്കിയത് .കുറവ് വന്നതുക നഗരസഭയ്ക്ക് ഉണ്ടായവ്യക്തമായ നഷ്ടമാണ് കാണിക്കുന്നത്.

| ക്രമ നം | സ്ഥാപനം/ വാർഡ്നം/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | ഒടുക്കിയ ലൈസൻസ് ഫീ | മേഖല വിഭജന പ്രകാരം മിനിമം ലൈസൻസ് ഫീ | കുറവ് തുക |
|---|---|---|---|---|---|
| 1 | വസ്ത്രവ്യാപാരം x11-802 | രവീന്ദ്രൻ പൂക്കോം | 100/- 111718/17.2.18 | 250/- | 150/- |
| 2 | ബ്യൂട്ടി പാർലർ x11 -628 | കെ.വിജയൻ പുത്തൂർ | 250/- 111297/14.2.18 | 450/- | 200/- |
| 3 | ഇന്റർനെറ്റ് കഫെ 1/414,415 | പ്രശാന്തൻ.എം | 150/- 110873/7.2.18 | 200/- | 50/- |
| 4 | ടി.വി,മിക്സി വിൽപന 1/1013 | പി.രാജൻ കുറ്റേരി | 200/- 112012/28.2.18 | 750/- | 550/- |
| 5 | ബേക്കറി x111-705 | ഷിജു.എൻ.വി കൂരാറ | 500/- 110422/2.2.18 | 1000/- | 500/- |
| 6 | ഹോട്ടൽ 11 -283 | കൃഷ്ണൻ പെരിങ്ങത്തൂർ | 250/- | 500/- | 250/- |
| 7 | റേഷൻ ഷാപ്പ് | ജമീല പെരിങ്ങത്തൂർ | 200/- 111-340 | 250/- | 50/- |
| 8 | റേഷൻ ഷാപ്പ് x-324,325 | പ്രഭാകരൻ പടന്നക്കര | 200/- 100253/10.4.18 | 250/- | 50/- |
| 9 | ബേക്കറി IV-603 | യൂസഫ്.കെ.കെ അണിയാരം | 500/- 103790/19.7.18 | 1000/- | 500/- |
| 10 | ബേക്കറി | രജീഷ് .കെ | 500/- | 1000/- | 500/- |

| | | | | | |
|---|---|---|---|---|---|
| | V-509 | അണിയാരം | 113073/27.2.18 | | |
| 11 | ബ്യൂട്ടി പാർലർ<br>IX-304 | മുഹമ്മദ് ആരിഫ്<br>പന്ന്യന്നൂർ | 200/-<br>113327/28.2.18 | 450/- | 250/- |
| 12 | സ്റ്റുഡിയോ<br>IX-306 | ശ്രുജിഷ്-ടി<br>പെരിങ്ങത്തൂർ | 200/-<br>113108/27.2.18 | 250/- | 50/- |
| 13 | ബേക്കറി<br>IX-336 | സരോജിനി<br>പെരിങ്ങത്തൂർ | 500/-<br>112683/24.2.18 | 1000/- | 500/- |
| 14 | ബേക്കറി<br>IX-565 | ശ്രീധരൻ .ടി<br>പെരിങ്ങത്തൂർ | 200/-<br>112843/26.2.18 | 1000/- | 800/- |
| 15 | ബേക്കറി<br>XIV-58 | രമേഷ് ബാബു<br>പന്ന്യന്നൂർ | 500/-<br>114330/13.3.18 | 1000/- | 500/- |
| 16 | ഹോട്ടൽ<br>XIV-306 | സുരേന്ദ്രൻ<br>പൂക്കോം | 250/<br>114440/14.3.18 | 500/- | 250/- |
| 17 | ബ്യൂട്ടി പാർലർ<br>XIV-471 | ഷീല.കെ | 400/-<br>107802/29.10.18 | 450/- | 50/- |

ആകെ 5,200/-

ലൈസൻസ് ഫീ ചുമത്തുന്നതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ഉള്ള 'സി' വിഭാഗത്തിൽ നിഷ്കർഷിച്ച തുക പോലും ഈടാക്കാത്തതിന്റെ ചില ഉദാഹരണങ്ങളാണ് മേൽക്കാണിച്ചത്. ചട്ടം 4 പ്രകാരമുള്ള മേഖലാവിഭജനം നടത്തി ബാധകമായ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

## 1-24 നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് ,പൊതു മാർക്കറ്റ് എന്നിവിടങ്ങളിലെ റൂമുകൾ വാടകയ്ക്ക് നൽകൽ -അപാകതകൾ

നഗരസഭയുടെ പാനൂർ ബസ് സ്റ്റാന്റിനോട് ചേർന്ന ഷോപ്പിംഗ് കോംപ്ലക്സ്, നഗരസഭയുടെ മാർക്കറ്റിനോട് ചേർന്ന റൂമുകൾ,നഗരസഭയുടെ പെരിങ്ങത്തൂർ ടൗണിലുള്ള റൂമുകൾ എന്നിവ 2018-19 വർഷം വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. മുറികൾ വാടകയ്ക്ക് നൽകുന്നതിനുവേണ്ടി നഗരസഭ കൗൺസിൽ ഉണ്ടാക്കിയ ബൈലോ അഥവാ നിയമാവലി

2. മുറികൾ വാടകയ്ക്ക് നൽകുന്നതിന് വാടകക്കാരനുമായി നഗരസഭ സെക്രട്ടറി ചമച്ച കാലികവും നിയമപ്രാബല്യവുമുള്ളതുമായ കരാർ

3. വാടക രജിസ്റ്റർ പ്രകാരം നഗരസഭയുടെ മുറികൾ കൈവശം വെക്കുന്ന താഴെപറയുന്ന വാടകക്കാർ 2018-19 ൽ വാടക ഒടുക്കാത്തതിന് നഗരസഭ സെക്രട്ടറി സ്വീകരിച്ച നടപടികൾ.
2018-19 ൽ ഒടുക്കാൻ ബാക്കിയുള്ള വാടക സംബന്ധിച്ച വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമനം | വാടകയ്ക്ക നൽകിയ റൂം നം | വാടക ക്കാരന്റെ പേര് | വാടക ഒടുക്കേണ്ട മാസങ്ങൾ | വാടക രജിസ്റ്റർ പ്രകാരം മാസവാടക | 2018-19-ലെ വാടക ഓഡിറ്റ് തീയതി | കുടിശ്ശിക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | നിരക്ക്, ഒടുക്കേണ്ട വാടക | വരെ ഒടുക്കിയത് | |
| 1 | 9/628-705,730 (ഷോപ്പിംഗ് കോംപ്ലക്സ്) | കെ.കെ രാജൻ പാനൂർ | 1.4.18 മുതൽ 31.3.2019 വരെ | @1486/- 1486x12 =17832/- | 16,621/- | 1211/- +പിഴ തുക |
| 2 | 9/628 എ-8 (ഷോപ്പിംഗ് കോംപ്ലക്സ്) | സജീവ് കുമാർ അണിയാരം | 1.4.18 മുതൽ 31.3.2019 വരെ | @471/- 471x12=5652/- | - | 5,652/- +പിഴ തുക |
| 3 | 9/713 (മാർക്കറ്റ്പാനൂർ) | അബ്ദുൾ മുഖദം പാനൂർ | 1.4.18 മുതൽ 31.3.2019 വരെ | @1688/- 1688x12 =20256/ | 18,568/- | 1688/- +പിഴ തുക |
| 4 | 9/718 (മാർക്കറ്റ്പാനൂർ) | പി.കെ മുനീർ ചമ്പാട് | 1.4.18 മുതൽ 31.3.2019 വരെ | @1688/- 1688x12= 20256/ | 18,568/- +പിഴ തുക944 | 1688/- +പിഴ തുക |
| 5 | 9/721 (മാർക്കറ്റ് പാനൂർ) | കെ.യു റഷീദ പുത്തൂർ | 1.4.18 മുതൽ 31.3.2019 വരെ | @743/- 743x12 = 8916/- | 6,554/- | 2362/- +പിഴ തുക |

കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുള്ള തുക പിരിച്ചെടുക്കേണ്ടതും മറ്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

### 1-25 തൊഴിൽ നികുതി ഈടാക്കൽ - അപാകതകൾ

നഗരസഭയിൽ 2018-19 സാമ്പത്തിക വർഷം തൊഴിൽ നികുതി പിരിച്ചെടുത്തതുമായി ബന്ധപ്പെട്ട റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. <u>തൊഴിൽ നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയിൽ 1,46,843/- രൂപ അക്കൗണ്ട് ചെയ്തിട്ടില്ല</u>

2018-19 വർഷത്തെ നഗരസഭയുടെ വാർഷീക ധനകാര്യ പത്രിക പ്രകാരം നഗരസഭ പരിധിയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ആകെ വരവ് തുക 31,58,567/- രൂപയാണ്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ച ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ വരവ് തുക 33,05,410/-രൂപയാണ്. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരവും, രജിസ്റ്റർ പ്രകാരവും 1,46,843/- രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്. രജിസ്റ്റർ പ്രകാരം വരവ് വന്ന തുകയിൽ നിന്ന് 1,46,843/- രൂപ വാർഷീക ധനകാര്യ പത്രികയിൽ ഉൾപ്പെടാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

2. <u>തൊഴിൽ നികുതിയിനത്തിൽ കുടിശ്ശികയായി കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന്റെ വിവരങ്ങൾ സൂക്ഷിക്കുന്നില്ല.</u>

2017-18 വർഷം തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക [തൊഴിൽനികുതി(ട്രേഡേഴ്സ്)] 83,825/- രൂപയാണ് . 2018-19 വർഷത്തെ തൊഴിൽനികുതി (ട്രേഡേഴ്സ്) അരിയർതുക 5,67,893/-രൂപയുമാണ്. തൊഴിൽ നികുതി (ട്രേഡേഴ്സ്) കുടിശ്ശിക തുക ഡിമാന്റ് ചെയ്യുതും പിരിച്ചെടുത്തതും സംബന്ധിച്ച ഡി.സി.ബി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുടിശ്ശിക തുക എത്ര കിട്ടാനുണ്ട് എത്ര തുക 2018-19 വർഷം പിരിച്ചെടുത്തു എന്നതിന്റെ കണക്കുകളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക പിരിവ് സംബന്ധിച്ച കൃത്യമായ പരിശോധന സാധ്യമായിട്ടില്ല. കണക്കുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്

3. <u>തൊഴിലുടമകൾക്ക് തൊഴിൽ നികുതി ഒടുക്കുന്നതിനാവശ്യമായ ചട്ടപ്രകാരമുള്ള അറിയിപ്പ് നൽകുകയോ, തൊഴിൽ നികുതി രജിസ്റ്ററുകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ല</u>

1994 ലെ കേരളാ മുൻസിപ്പാലറ്റി നിയമം വകുപ്പ് 249 ,250,253,257 എന്നിവ അനുസരിച്ച് മുനിസിപ്പൽ സെക്രട്ടറി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ തൊഴിൽ ഉടമകളോട് അവരുടെ സ്ഥാപനത്തിൽ തൊഴിൽ എടുക്കുന്നവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതും, അപ്രകാരം തൊഴിലുടമകളോ അവരുടെ പ്രതിനിധികളോ അത്തരത്തിലുള്ള ലിസ്റ്റ് മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ബിസിനസ് സ്ഥാപനങ്ങളിൽ (തൊഴിൽ നികതി ട്രേഡേഴ്സ്) നിന്ന് തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ മേൽ പറഞ്ഞ രേഖകളോ രജിസ്റ്ററുകളോ സൂക്ഷിച്ചിട്ടില്ല.

4. <u>തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ</u>

സ്ഥാപനത്തിൽ സൂക്ഷിച്ച തൊഴിൽ നികുതി ഡി.സി.ബിരജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങൾ 2018-19 ൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|
| കൂരാറ വുമൺസ് പ്രസ് വർക്കേഴ്സ് ഫോറം പ്രിന്റിംഗ് പ്രസ് | 2018-19 ഒന്ന്,രണ്ട് അർദ്ധവർഷം |
| കണ്ണൂർ ഖാദി സർവ്വോദയ സംഘം വസ്ത്രാലയം പാനൂർ | 2018-19 രണ്ടാം അർദ്ധവർഷം |
| വനിതാ സർവ്വീസ് സഹകരണ സംഘം പാനൂർ | 2018-19 രണ്ടാം അർദ്ധവർഷം |
| ഇൻഡസ് മോട്ടോർകമ്പനി | 2018-19 ഒന്നാം അർദ്ധവർഷം |
| കള്ള് ചെത്ത് തൊഴിലാളി സംഘം പാനൂർ | 2018-19 ഒന്ന്,രണ്ട് അർദ്ധവർഷം |
| ബജാജ് വെഹിക്കിൾസ് പാനൂർ | 2018-19ഒന്ന്, രണ്ട് അർദ്ധവർഷം |
| തലശ്ശേരി പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റുറൽഡെവലപ്പ്മെന്റ് ബാങ്ക് | 2018-19ഒന്നാം അർദ്ധവർഷം |
| പോസ്റ്റ് ഓഫീസ് ,പുല്ലൂക്കര | 2018-19ഒന്ന്, രണ്ട് അർദ്ധവർഷം |
| പോസ്റ്റ് ഓഫീസ്,പെരിങ്ങത്തൂർ | 2018-19ഒന്നാം അർദ്ധവർഷം |
| | |

| | |
|---|---|
| പോസ്റ്റ് ഓഫീസ്,അണിയാരം | 2018-19ഒന്ന്, രണ്ട് അർദ്ധവർഷം |
| ~~മെഡി ചെക്ക് ഹെൽത്ത്~~ കെയർ,പെരിങ്ങത്തൂർ | 2018-19ഒന്നാം അർദ്ധവർഷം |
| കരിയാട് ഐ.സി.ഡി.എസ് സബ്സെന്റർ,പടന്നക്കര | 2018-19ഒന്ന്, രണ്ട് അർദ്ധവർഷം |
| പോസ്റ്റ് ഓഫീസ്,കരിയാട് | 2018-19ഒന്നാം അർദ്ധവർഷം |
| പോസ്റ്റ് ഓഫീസ്,പുളിയ നമ്പ്രം | 2018-19ഒന്നാം അർദ്ധവർഷം |
| കമേഴ്സ്യൽ ചെക്ക് പോസ്റ്റ് | 2018-19ഒന്ന്, രണ്ട് അർദ്ധവർഷം |
| എം.ഇ.എസ് പബ്ലിക്ക് സ്കൂൾ | 2018-19ഒന്ന്, രണ്ട് അർദ്ധവർഷം |
| അൽ-ശിഫാ ഹോമിയോ ക്ലിനിക്ക് | 2018-19ഒന്നാം അർദ്ധവർഷം |
| പ്രിന്റോ ഓഫ് സെറ്റ്പ്രസ് പാനൂർ | 2018-19ഒന്ന്, രണ്ട് അർദ്ധവർഷം |
| എസ്.ബി.ടി ഗോൾഡ് പോയന്റ് | 2018-19ഒന്ന്, രണ്ട് അർദ്ധവർഷം |
| അപ്പോളോ അസോസിയേറ്റ്സ് .പാനൂർ | 2018-19ഒന്ന്, രണ്ട് അർദ്ധവർഷം |
| നജ്അത്തുൽ പബ്ലിക് സ്കൂൾ | 2018-19ഒന്ന്, രണ്ട് അർദ്ധവർഷം |
| ത്രിവേണി സൂപ്പർമാർക്കറ്റ് | 2018-19ഒന്നാം അർദ്ധവർഷം |
| ശ്രീറാംട്രാൻസ്പോർട്ട് ഫിനാൻസ് | 2018-19ഒന്നാം അർദ്ധവർഷം |

തൊഴിൽ നികുതി ഒടുക്കുവാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്ന് നികുതി പിരിച്ചെടുക്കേണ്ടതാണ്.

5 .<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2018-19 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| ശ്രീഗോകുലം ചിട്ട്&ഫിനാൻസ് ,പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| കനറാബാങ്ക് ,പാനൂർ | 2018-19രണ്ടാം അർദ്ധവർഷം |
| മാർജിൻഫ്രിമാർക്കറ്റ്,പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| ഇൻഡസ്ബാങ്ക് ലിമിറ്റഡ്പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| സപ്ലൈകോ,പാനൂർ | 2018-19 ഒന്ന് ,രണ്ട് |

| | |
|---|---|
| | അർദ്ധവർഷം |
| കെ.എസ്.എഫ്.ഇ പാനൂർ | 2018-19 ഒന്നാം അർദ്ധവർഷം |
| ജൂബിലി ചിറ്റ്സ് പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| കണ്ണൂർജില്ലാ സഹകരണബാങ്ക് ഈവനിംഗ്ബ്രാഞ്ച് പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| കേരളാഗ്രാമീൺ ബാങ്ക് പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| തലശ്ശേരി കോ-ഓപ്പറേറ്റീവ് റൂറൽബാങ്ക് പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| വനിതാ സർവ്വീസ് സഹകരണ സംഘം പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| മുത്തൂറ്റ് ഫിൻകോർപ്പ് പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| പാനൂർ സർവ്വീസ് സഹകരണബാങ്ക് , പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| പാനൂർ സർവ്വീസ് സഹകരണബാങ്ക് ,സായഹ്നശാഖ, | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| പാനൂർ സർവ്വീസ് സഹകരണബാങ്ക് ,ഏലാങ്കോട് | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| ഐ.സി.ഐസി.ഐ ബാങ്ക്പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| മുത്തൂറ്റ് ഫിനാൻസ് ,പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| സിൻഡിക്കേറ്റ് ബാങ്ക്പാനൂർ | 2018-19 ഒന്നാം അർദ്ധവർഷം |
| പാനൂർകോ-ഓപ്പറേറ്റീവ് ബിൽഡിംഗ് സൊസൈറ്റി,പാനൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| പെരിങ്ങളം സർവ്വീസ് സഹകരണ ബാങ്ക് | 2018-19 ഒന്നാം അർദ്ധവർഷം |
| സപ്ലൈകോ പെരിങ്ങളം | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| പെരിങ്ങളം വനിതാ സഹകരണ സംഘം | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| പെരിങ്ങത്തൂർ വനിതാകോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| കണ്ണൂർജില്ലാ ബാങ്ക് പെരിങ്ങത്തൂർ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| | |

| | |
|---|---|
| കണ്ണൂർജില്ലാ ബാങ്ക് പെരിങ്ങത്തൂർസായഹ്നശാഖ | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| കരിയാട് സർവ്വീസ് സഹകരണ ബാങ്ക് | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| സപ്ലൈകോ കരിയാട് | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |
| വനിതാസഹകരണ സംഘം കരിയാട് | 2018-19 ഒന്ന് ,രണ്ട് അർദ്ധവർഷം |

6.<u>നിശ്ചിത പ്രേഫോർമയിൽ തൊഴിൽ നികുതി റിട്ടേണുകൾ സ്വീകരിക്കുന്നില്ല</u>

2005 ലെ കേരളാ മുനിസിപ്പാലറ്റി (തൊഴിൽനികുതി)ചട്ടങ്ങളിലെ ചട്ടം 5,9 എന്നിവ അനുസരിച്ച് സെക്രട്ടറി തൊഴിൽ ഉടമയിൽ നിന്ന് നിശ്ചിത പ്രോഫോർമ്മ പൂരിപ്പിച്ച് വാങ്ങുകയുംതൊഴിൽ നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ പാനൂർ നഗരസഭയിൽ 2018-19ലെ തൊഴിൽ നികുതി ഈടാക്കിയതിൽ നിശ്ചിത പ്രൊഫോർമയിൽ ആവശ്യമായ വിവരം പൂരിപ്പിച്ച് വാങ്ങാതെയാണ് തൊഴിൽ നികുതി സ്വീകരിച്ചത്. ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| സ്ഥാപനം | 2018-19-ൽ ഈടാക്കിയ തൊഴിൽ നികുതി | റിമാർക്സ് |
|---|---|---|
| പാനൂർ നഗരസഭ | 23250/- ഒന്നാം അർദ്ധ വർഷം<br>21250/- രണ്ടാം അർദ്ധവർഷം | ജിവനക്കാരുടെ പേരും ഒടുക്കിയ തൊഴിൽ നികുതിയും പ്രോഫോർയിൽ കാണിച്ചു.വരുമാനം കാണിച്ചിട്ടില്ല |
| സി,എച്ച്.സി പാനൂർ | 54000/- – ഒന്നാം അർദ്ധ വർഷം<br>59850/- – രണ്ടാം അർദ്ധവർഷം | ജിവനക്കാരുടെ പേരും ഒടുക്കിയ തൊഴിൽ നികുതിയും പ്രോഫോർയിൽ കാണിച്ചു.വരുമാനം കാണിച്ചിട്ടില്ല |
| മാർജിൻഫ്രീമാർക്കറ്റ് പാനൂർ | 2700/- – ഒന്നാം അർദ്ധ വർഷം<br>1800/- – രണ്ടാം അർദ്ധവർഷം | ജിവനക്കാരുടെ പേരും ഒടുക്കിയ തൊഴിൽ നികുതിയും പ്രോഫോർയിൽ കാണിച്ചു.വരുമാനം കാണിച്ചിട്ടില്ല |
| ഇൻഡസ് ഇൻഡ് ബാങ്ക് | 2100/- – ഒന്നാം അർദ്ധ വർഷം<br>2600/- – രണ്ടാം അർദ്ധവർഷം | ജിവനക്കാരുടെ പേരും ഒടുക്കിയ തൊഴിൽ നികുതിയും പ്രോഫോർയിൽ കാണിച്ചു.വരുമാനം കാണിച്ചിട്ടില്ല |
| പാനൂർ ഇലക്ട്രിക്കൽ സബ്ഡിവിഷൻ | 44750/- – ഒന്നാം അർദ്ധ വർഷം<br>44750/- – രണ്ടാം അർദ്ധവർഷം | ജിവനക്കാരുടെ പേരും ഒടുക്കിയ തൊഴിൽ നികുതിയും പ്രോഫോർയിൽ കാണിച്ചു.വരുമാനം കാണിച്ചിട്ടില്ല |

വരുമാനങ്ങളുടെ വിവരങ്ങൾ പൂർണ്ണമായി ഇല്ലാത്തതിനാൽ ഒടുക്കിയ നികുതിയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7. <u>നികുതി പിരിച്ചെടുത്തതിൽ കുറവ്</u>

പോലീസ് കൺട്രോൾ റൂം, പാനൂരിലെ താഴെ പറയുന്ന ജീവനക്കാരുടെ വിവരങ്ങൾ 2018-19 രണ്ടാം അർദ്ധ വർഷത്തെ റിട്ടേണിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി ഈടാക്കിയിട്ടില്ല.

| പേര് /ഉദ്യോഗപ്പേര് | വരുമാനം |
|---|---|
| ലക്ഷ്മണൻ /സി.പി.ഒ | 110868/- |
| ശിവദാസൻ /എസ്.സി.പി.ഒ | 276450/- |

തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കേണ്ടതും , തൊഴിൽ നികുതി സംബന്ധിച്ച മറ്റ് അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

## 1-26 അനധികൃത കെട്ടിട നിർമ്മാണം- വിവരങ്ങൾ അപൂർണം

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡ് തിരിച്ച് പരിപാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം തയ്യാറാക്കിയ രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയറിൽ അനധികൃത കെട്ടിടം സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ കരിയാട് സോണിൽ ഉൾപ്പെടുന്ന ശ്രീ വലിയപുരയിൽ ഹരിദാസൻ എന്നവരുടെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടവും (കെട്ടിട നം. 2/282 A) പാനൂർ സോണിൽ ഉൾപ്പെടുന്ന ശ്രീ തയ്യിക്കൽ അബ്ദുൾ ലത്തീഫ്എന്നവരുടെ ഉടമസ്ഥതയിലുള്ള24 മുറികളുള്ള ഒരു കെട്ടിടവും(കെട്ടിട നം. 12/614,12/614B മുതൽ 12/614F വരെയും,12/614H മുതൽ 12/614Y വരെയും) അനധികൃത കെട്ടിടമായി രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ വലിയപുരയിൽ ഹരിദാസൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 2013-14 മുതൽ നാളിതുവരെയായി 5652 രൂപയും ശ്രീ തയ്യിക്കൽ അബ്ദുൾ ലത്തീഫ്എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 351226 രൂപയും വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ളതായി കാണുന്നുണ്ട്.നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ് തലത്തിൽ കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അത്തരം കെട്ടിടങ്ങൾക്കുമേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. നിലവിൽ അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച പൂർണമായ വിവരങ്ങൾ ലഭ്യമല്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം19 തീയതി 20-11-2020) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിവരശേഖരണവും ഡാറ്റാ എൻട്രിയും പൂർത്തിയാക്കുന്ന മുറയ്ക്ക് യു എ രജിസ്റ്റർ തയ്യാറാക്കാൻ കഴിയുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭ പരിധിയിൽ അനധികൃതമായി നിർമ്മിച്ച മുഴുവൻ കെട്ടിങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഇത്തരം കെട്ടിടങ്ങൾക്കുമേൽ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(1) പ്രകാരമുള്ള വസ്തുനികുതി ഈടാക്കി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-27 വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ല- നഗരസഭയ്ക്ക് വരുമാന നഷ്ടം.

പാനൂർ മുനിസിപ്പൽ കൗൺസിലിന്റെ 8-6-2016 ലെ 44/16 നമ്പർ തീരുമാനം പ്രകാരം 1-4-2016 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണത്തിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭ സെക്രട്ടറിയുടെ 17-9-2018ലെ R1-8918/17നമ്പർ നടപടിക്രമം പ്രകാരം വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ നമ്പറിംഗ്, വിവരശേഖരണം, ഡാറ്റാഎൻട്രി എന്നിവ 30 ദിവസത്തിനകം പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ 20 ഉദ്യോഗാർത്ഥികളെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവാക്കിയിരുന്നു പിന്നീട് പ്രസ്തുത നടപടികൾ

അവസാനിപ്പിക്കുകയും നഗരസഭ കൗൺസിലിന്റെ 3-11-2018 തീയതിയിലെ 6/2018 നമ്പർ യോഗതീരുമാനം പ്രകാരം GIS mapping നടത്തുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്, എന്നാൽ നാളിതുവരെയായും പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം8- തീയതി 18-11-2020) ലഭ്യമാക്കിയ മറുപടിയിൽ മാപ്പിംഗ് പൂർത്തിയാക്കി പുതിയ നമ്പർ നൽകുന്ന പ്രവൃത്തി നഗരസഭ കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ നികുതി വർദ്ധനവ് അറിയിപ്പായി നൽകിയിട്ടില്ലെന്നും നിലവിൽ നികുതി ഒടുക്കാൻ നഗരസഭയിൽ വരുന്ന നികുതിദായകരിൽ നിന്നും പുതുക്കിയ നിരക്കിലുള്ള നികുതിയാണ് ഈടാക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. 1 മുതൽ 40 വരെയുള്ള വാർഡുകളിൽ 14 വാർഡുകളിലെ വിവരശേഖരണം, നമ്പറിംഗ്, ഡാറ്റാ എൻട്രി എന്നിവ പൂർത്തിയാക്കാൻ ബാക്കിയുണ്ട്. മറ്റു വാർഡുകളിലെ ഡാറ്റാ എൻട്രി പൂർത്തീകരണ ഘട്ടത്തിലാണ്. സ.ഉ (സാ.ധ) നം 540/2019/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം മുതൽ അപ്രൂവൽ വരെയുള്ള ഓഫീസ് നടപടിക്രമങ്ങൾ 2019 ജൂൺ മുതൽ 2019 സപ്തംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. .1-4-2016 തീയതി പ്രാബല്യത്തിൽ പുതുക്കിയ നിരക്കിൽ ഈടാക്കേണ്ട നികുതി നാളിതുവരെയായും ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ വൻ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. നികുതി പരിഷ്കരണത്തിലുണ്ടാകുന്ന കാലതാമസം നികുതി ഇനത്തിൽ വൻ കുടിശ്ശിക വരാനിടയാക്കുകയും ആയത് കാലഹരണപ്പെടുകയും ചെയ്യാൻ സാധ്യതയുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539(1) (കിട്ടാനുള്ള തുകകൾ വസൂലാക്കുന്നതിന് കാലഹരണം) പ്രകാരം കുടിശ്ശിക കാലഹരണപ്പെട്ടാൽ അത് യഥാസമയം ഈടാക്കുന്നതിന് നടപടി എടുക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാരിൽ നിന്നും പന്ത്രണ്ട് ശതമാനം പലിശ സഹിതം തുക ഈടാക്കേണ്ടതാണെന്ന് സെക്ഷൻ 539(2) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കുടിശ്ശിക കാലഹരണപ്പെടാൻ ഇടവരുത്താതെ നികുതി പരിഷ്കരണം പൂർത്തിയാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നികുതിദായകർക്ക് നികുതി അടയ്ക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. നഗരസഭ സ്വീകരിച്ച നടപടികൾ സെക്രട്ടറി ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

## 1-28 വാണിജ്യാവശ്യങ്ങൾക്കായുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലെ അപാകം

നഗരസഭയിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 50രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 70 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 233(2) ബി, പ്രകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 233(9) പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2ാം ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, 7ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വെറെ കണക്കാക്കി മൊത്തം വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള താഴെപറയുന്ന കെട്ടിടത്തിന് ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 70 രൂപ എന്നതിനു പകരം 50 രൂപ എന്ന തോതിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഉടമസ്ഥന്റെ പേര് : കൂടത്തിൽ രമേഷ്

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരുനില കെട്ടിടം

കെട്ടിട നമ്പർ :16/252, 16/253, 16/254, 16/255, 16/256, 16/257, 16/258, 16/259, 16/260, 16/261, 16/262, 16/263, 16/264, 16/265, 16/266

ആകെ തറവിസ്തീർണ്ണം : 477.5 ചതുരശ്ര മീറ്റർ

മേഖല : ദ്വിതീയം

വഴി സൗകര്യം : 5 മീറ്ററോ അതിൽ കൂടുതൽ

വസ്തുനികുതി നിർണ്ണയത്തിലെ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14 തീയതി 18-11-2020)ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കെട്ടിടത്തിന് 70 രൂപ നിരക്കിൽ നികുതി നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡിമാന്റ് ചെയ്ത അർദ്ധവർഷം മുതൽ നികുതി പുനർനിർണയിച്ച് കുറവ് വന്ന തുക ഈടാക്കി ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ് .

## 1-29 ബി എസ് എൻ എൽ മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഡിമാന്റ് ചെയ്യുന്നില്ല.

സഞ്ചയ സോഫ്റ്റ് വെയറിലെ മൊബൈൽ ടവറുകളുടെ നികുതി ഡിമാന്റ് പരിശോധിച്ചതിൽ മൂന്ന് സോണുകളിലുമായി ആകെ 14 ടവറുകൾക്ക് നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. അയതിൽ ബി എസ് എൻ എൽ മൊബൈൽ ടവറുകൾ ഉൾപ്പെട്ടിട്ടില്ല.കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 235 പ്രകാരം വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങൾക്ക് ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.ജി ഒ (ആർ ടി)2640/2012/തസ്വഭവ തീയത 19-9-2012 പ്രകാരം ബി എസ് എൻ എൽ മൊബൈൽ ടവറുകൾ വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ നഗരസഭ പരിധിയിലുള്ള ബി.എസ്.എൻ.എൽ.-ന്റേത് ഉൾപ്പെടെയുള്ള മുഴവൻ മൊബൈൽ ടവറുകൾക്കും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-30 മത്സ്യമാർക്കറ്റ്, ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ തുടങ്ങിയവ ലേലം ചെയ്തതിലെ അപാകതകൾ

നഗരസഭയുടെ അധീനതയിലുള്ള പാനൂർ ബസ്റ്റാന്റിൽ വാഹനങ്ങൾ പ്രവേശിക്കുന്നതിനുള്ള പ്രവേശനഫീ,കംഫർട്ട് സ്റ്റേഷൻ ഉപയോഗ്ക്കുന്നതിനുള്ള ഫീ, പറങ്കി മാവിൽനിന്നുള്ള ആദായം, ആയുർവ്വദാശുപത്രി പരിസരത്തെ തെങ്ങിൽ നിന്നുള്ള ആദായം, കോളികുളം തെങ്ങിൽ നിന്നുള്ള ആദായം, കരിയാട് മത്സ്യമാർക്കറ്റ്, പെരിങ്ങത്തൂർ മത്സ്യമാർക്കറ്റ് എന്നിവ ഉപയോഗിക്കുന്നതിനുള്ള ഫീ എന്നിവയ്ക്കായി 2018-19 വർഷം ലേലം ചെയ്തത് എന്നിവയുടെ പരിശോധനയ്ക്കായി താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ സുതാര്യതയോ കൃത്യതയോ പരിശോധിക്കാനായിട്ടില്ല.

1. ലേല നടപടികൾക്കായി നഗരസഭ കൗൺസിൽ ഉണ്ടാക്കിയ ബൈലോ (നിയമാവലി) പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

2. 28.2.2018 തീയ്യതിയിലെ 5/2018നഗരസഭ കൗൺസിൽ തീരുമാനപ്രകാരം 13.3.2018 ന് നടന്ന ലേലത്തിന്റെ വിവരങ്ങളും, ലേലത്തിൽ ക്വാട്ട് ചെയ്ത തുകയും ആയത് ഒടുക്കിയതും സംബന്ധിച്ച വിവരങ്ങളടങ്ങിയ ലേല രജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3. 13.3.2018 ന് ലേലത്തിൽ പങ്കെടുക്കാൻ ആരും ഇല്ലാത്തതിനാൽ 15.3.2018 ന് പുനർലേലം നടത്തിയ ആയുർവ്വേദാശുപത്രി പരിസരത്തെ തെങ്ങിൽ നിന്നുള്ള ആദായം, കോളികുളംതെങ്ങിൽ നിന്നുള്ള ആദായം എന്നിവ ലേലം ചെയ്ത് ലേലത്തുക ഒടുക്കിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല; 15.3.2018 ന്റെ പുനർലേലത്തിലും ആരും പങ്കെടുക്കാത്തതിനാൽ നഗരസഭാ തീരുമാന പ്രകാരം ദിവസക്കൂലി അടിസ്ഥാനത്തിൽ ആളെ നിയമിച്ച് പാനൂർ ബസ്റ്റാന്റിൽ നിന്നും ഈടാക്കിയ പ്രവേശന ഫീ അതാത് ദിവസം നഗരസഭയിൽ ഒടുക്കുമ്പോൾ സൂക്ഷിക്കുന്ന കലക്ഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ദിവസക്കൂലി അടിസ്ഥാനത്തിൽ ആളെ നിയമിച്ച് പാനൂർ ബസ്റ്റാന്റിൽ ഫീ പിരിക്കുന്നതിനായി ചുമതലപ്പെടുത്തിയ ആളിന്റെ നിയമനവ്യവസ്ഥ, വേതനം,ഫീ പിരിക്കുന്ന രശീത് ബുക്കിന്റെ സ്റ്റോക്ക് ,കൈപ്പറ്റ് വിവരങ്ങൾ എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. 13.3.2018ന് ലേലം ചെയ്ത പാന്നൂർ മത്സ്യമാർക്കറ്റ്, ബസ്സാന്റ് കംഫർട്ട് സ്റ്റേഷൻ, കരിയാട് മത്സ്യമാർക്കറ്റ് എന്നിവയുടെ ലേല വ്യവസ്ഥ സംബന്ധിച്ച് ലേലക്കാരുമായി ഉണ്ടാക്കിയ കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## രേഖകൾ പരിശോധനക്കായി ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

### 1-31 വൗച്ചർ സൂക്ഷിപ്പിലെ പോരായ്മകൾ

1) കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 15 (3) പ്രകാരം സ്ഥാപനത്തെ ബാധിക്കുന്ന എല്ലാ ചെലവുകളും ചെയർ പേഴ്സൺ അധികൃതമാക്കേണ്ടതാണ്. ഈ നിബന്ധന പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. നഗരസഭാ ഫണ്ടിൽനിന്നുള്ള എല്ലാ ചെലവുകളും ചെയർപേഴ്സൺ അധികൃതമാക്കേണ്ടതാണെന്ന കാര്യം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ചൂണ്ടിക്കാണിച്ചിരുന്നു. ഇക്കാര്യത്തിൽ നിലനിൽക്കുന്ന വീഴ്ച സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.30 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിശദീകരണമൊന്നും ലഭിക്കുകയുണ്ടായിട്ടില്ല. 11.11.2020 തീയതിയിലെ റിക്വിസിഷൻ പ്രകാരം രേഖകൾ ആവശ്യപ്പെടുകയുണ്ടായി.

2) "സാംഖ്യ" സോഫ്റ്റ് വെയറിൽ നിന്ന് ജനറേറ്റ് ചെയ്ത വൗച്ചർനമ്പർ സഹിതമുള്ള പേമെന്റ് ഓർഡർ വൗച്ചറുകളോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല. ബഹുഭൂരിപക്ഷം വൗച്ചറുകളിലും നമ്പർ പോലും ഇട്ടിട്ടില്ല. ഇത് പരിശോധനക്കും മറ്റ് നടപടികൾക്കും വലിയ പ്രയാസം സൃഷ്ടിക്കുന്നു. ചെലവ് സംബന്ധിച്ച എല്ലാ വൗച്ചറുകളും ഹാജരാക്കിയിട്ടുണ്ടോ എന്ന പരിശോധന പോലും ഈ സാഹചര്യത്തിൽ അസാധ്യമാവുന്നു. വൗച്ചറുകൾ ക്രമപ്രകാരമല്ലാതെയും നമ്പറിടാതെയും ഇങ്ങനെ സൂക്ഷിച്ചുവന്നതിന്റെ കാരണവും വിശദീകരിക്കപ്പെട്ടിട്ടില്ല.

3) താഴെ പറയുന്ന വൗച്ചറുകളോടൊപ്പം അനുബന്ധരേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചറിന്റെ വിവരങ്ങൾ | തുക |
|---|---|---|
| 1 | പേ റിവിഷൻ കുടിശ്ശിക മധുലാൽ.കെ.പി,<br>അസി.സെക്രട്ടറി(റിട്ട) | 29816<br>28171 |
| 2 | ടി.പി.ഗംഗാധരൻ ,ഓഫീസ് അസിസ്റ്റന്റ് (റിട്ട) | 16606 |
| 3 | OA 1883/2011 ൽ (കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ) വക്കിൽ ഫീ | 15000 |
| 4 | ലൈബ്രറി സെസ്സ് അടച്ചത് | 264240 |
| 5 | വത്സൻ എം. സെക്രട്ടറി (റിട്ട) EL അരിയർ (ടെർമിനൽ സറണ്ടർ) | 37903 |
| 6 | പെൻഷൻ വിതരണം -അരിയർ.സതീശൻ.പി.പി. റിട്ട.എച്ച്.എസ്<br>13 മാസത്തെ കുടിശ്ശിക | 306832 |
| 7 | 11/17 മുതൽ 6/18 വരെയുള്ള കുടിശ്ശിക | 3840 |
| 8 | പേ റിവിഷൻ അരിയർ III[rd] ഇൻസ്റ്റാൾമെന്റ് | 430780 |
| 9 | പേ റിവിഷൻ അരിയർ I ഇൻസ്റ്റാൾമെന്റ്-ജയപ്രകാശൻഎം | 26133 |
| 10 | പേ റിവിഷൻ അരിയർ II ഇൻസ്റ്റാൾമെന്റ് | 50059 |
| 11 | പെരിങ്ങത്തൂർ മത്സ്യമാർക്കറ്റിൽ അറ്റകുറ്റപ്പണികൾ-കൗൺസിലർ<br>ഉമൈബക്ക് നൽകിയ തുക | 10000 |
| 12 | റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർക്ക് അടച്ചത് | 58425 |
| 13 | ഖരമാലിന്യ സംസ്കരണം DPR- റാം ബയോളജിക്കൽസിന് നൽകിയത് | 120069 |
| 12 | പ്രീ മൺസൂൺ ക്ലീനിങ്ങ് ചെലവുകൾ വാർഡ് കൗൺസിലർമാർക്ക്<br>നൽകിയത് | 2,49,480 |
| | | |

| | | |
|---|---|---|
| 13 | യാത്രാബത്ത ബിൽ-കെ.വി.റംല ,മുൻസിപ്പൽ ചെയർപേഴ്സൺ ജൂലൈ 2018 | 4212 |
| 14 | 3 KVA UPS വാങ്ങിയതിന് Iga Tech Pvt. Ltd എന്ന സ്ഥാപനത്തിന് നൽകിയത് | 72480 |
| 15 | പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കിയ വകയിൽ മജീദ് JHI ക്ക് നൽകിയത് | 45000 |
| 16 | പേ & അലവൻസ് കുടിശ്ശിക നൽകിയത് | 11806 |
| 17 | NULM സ്വയം സഹായ സംഘങ്ങൾക്കുള്ള പലിശ സബ്സിഡി | 145354 |
| 18 | CHC പാനൂർ ചെലവ് അംഗീകാരം | 41431 |
| 19 | നഗരശ്രീ ഉത്സവം നടത്തിയ വകയിൽ NULM ന് അനുവദിച്ച തുക | 5000 |
| 20 | പ്രതിമാസ ഹോണറേറിയം -കുടിശ്ശിക | 277180 |
| 21 | ബസ്സാന്റ് -സിങ്ക് ഷീറ്റ് പതിച്ചതിന് നൽകിയത് | 9500 |
| 22 | മഞ്ഞൾവയലിലും പുഞ്ചവയലിലും തരിശുഭൂമി കൃഷി യോഗ്യമാക്കിയതിന് നൽകിയത് | 82196 |
| 23 | WAGES PMAY -12 വർക്കർമാരുടെ കൂലി | 74250 |
| 24 | തുടർസാക്ഷരതാ പരിപാടിക്ക് P.V.സതിദേവിക്ക് നൽകിയത് | 24800 |
| 25 | ഒറ്റപ്പുരക്കൽ പഞ്ചായത്ത് റോഡ് അറ്റകുറ്റപ്പണി-കൗൺസിലർ P.K.സതീദേവിക്ക് നൽകിയത് | 25000 |
| 26 | ശ്രീ.പ്രഭു ,ജെ.എച്ച്.ഐ. സെപ്റ്റംബർ "18 മുതൽ ജനുവരി "19 വരെയുള്ള പേ അരിയർ | 62820 |
| | ആകെ | ₹2528383/- |

ചെലവ് സംബന്ധിച്ച ഏത് സംശയങ്ങൾക്കും വിശദീകരണം നൽകാൻ പര്യാപ്തമാവണം വൗച്ചറിനോടൊപ്പമുള്ള രേഖകൾ. എന്നാൽ ഇവിടെ ഒരു രേഖയും വൗച്ചറുകളോടൊപ്പം ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ ചെലവുകളുടെ ആധികാരികത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ചെലവിന്റെ ആധികാരികത ഉറപ്പു വരുത്താൻ കഴിയാത്ത സാഹചര്യത്തിൽ മേൽ പ്രസ്താവിച്ച ചെലവ് തുകയായ 25,28,383/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ തുടർനടപടികളുണ്ടാകണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-32 കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റിക്കുള്ള കുടിവെള്ള ചാർജ്-സംയുക്ത പരിശോധന നടത്തിയിട്ടില്ല-കുടിശ്ശിക വിവരങ്ങൾ ലഭ്യമല്ല.

പാനൂർ നഗരസഭയിലെ മൂന്നു സോണുകളിലെയും വെള്ളക്കരം ഇനത്തിൽ പ്രതിമാസം യഥാക്രമം 91323രൂപയും കെ.എസ്.ഇ.ബി ചാർജ് ഇനത്തിൽ വ്യത്യസ്ത തുകകളും ഒടുക്കി വരുന്നുണ്ട്. ഇതു സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1) തെരുവുവിളക്കുകളുടെ കാലികമായ പരിപാലനത്തിന് നഗരസഭയിൽ സംവിധാനം നിലവിലില്ല. വാർഷിക മെയിന്റനൻസ് കരാറിൽ ഏർപ്പെട്ടിട്ടില്ല

2) തെരുവുടാപ്പുകളുടെ പ്രവർത്തനക്ഷമത വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തമായി പരിശോധന നടത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായവയ്ക്കു മാത്രമേ വെള്ളക്കരം ഒടുക്കിവരുന്നുള്ളൂ എന്ന് ഉറപ്പു വരുത്താനുള്ള തുടർനടപടികൾ ഉണ്ടാവേണ്ടതാണ്.

3) KWA യുടെ ബില്ലിൽ 25,18,051 രൂപ കുടിശ്ശികയുള്ളതായി കാണിച്ചിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട നിജസ്ഥിതി പരിശോധിച്ചതായും ആയത് പാന്നൂർ സോണലിൽ 7/17 മുതൽ 5/18 വരെയുള്ള വെള്ളക്കരവും പിഴപ്പലിശയും ചേർന്ന തുകയാണ് അത് എന്ന് വ്യക്തമായതായും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക വരാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

4) പ്രവർത്തിക്കുന്ന തെരുവുവിളക്കുകൾക്കു മാത്രമേ വൈദ്യുതി ചാർജ് ഒടുക്കി വരുന്നുള്ളൂ എന്ന് KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തിയിട്ടില്ല.

5 )നിലവിൽ ചാർജ് ഒടുക്കി വരുന്ന തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ (സാധാരണ ബൾബ്, CFL വിളക്ക്, ട്യൂബ് ,SVL എന്നിങ്ങനെ) നഗരസഭയിൽ ലഭ്യമല്ല.

തെരുവു വിളക്കുകൾ,പൊതുടാപ്പുകൾ എന്നിവ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കുകയും സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായവക്ക് മാത്രമേ ചാർജ് ഒടുക്കുന്നുള്ളൂവെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ് എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-33 വാഹനങ്ങളുടെ ഇൻഷ്വറൻസ് -സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവ്വഹിച്ചില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയമായി നാഷനൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഒടുക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വാഹന നമ്പർ | വൗച്ചർ നമ്പർ | തുക | ഇൻഷ്വറൻസ് |
|---|---|---|---|---|
| 1 | kl-58-H-0001 | ഇല്ല | 17187 | നാഷണൽ ഇൻഷ്വറൻസ് കമ്പനി |
| 2 | KL-58-L-5000 | ,, | 8527 | ,, |
| 3 | KL-58-T-9226 | ,, | 19305 | ,, |

സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവ്വഹിക്കേണ്ടതാണ് എന്ന് സർക്കാർ ഉത്തരവ് നമ്പർ 809/2000 തീയതി. 18.4.2000 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം ഒടുക്കിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 33/23.11.2020-ന് നൽകിയ മറുപടിയിൽ 5 വർഷം ലഭിക്കേണ്ട മെയിന്റൻസ് കവറേജ്, അതേ കമ്പനിയിൽ തന്നെ ഇൻഷ്വറൻസ് തുടർന്നാൽ മാത്രമേ ലഭ്യമാകുകയുള്ളൂ എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ ആവശ്യമായ തുടർപരിശോധന നടത്തി നിർദിഷ്ട പരിധിക്ക് ശേഷം വാഹനങ്ങളുടെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നിർവ്വഹിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്,

## 1-34 സെക്രട്ടറിയുടെ ശമ്പള വിഹിതം സർക്കാരിലേക്ക് ഒടുക്കിവരുന്നില്ല

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരളാസർവ്വീസ് റൂൾസ് പാർട്ട് 1, റൂൾ 146 എന്നിവ പ്രകാരം നഗരസഭാ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റിയുടെ തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള അടവുകൾ നിർവ്വഹിച്ചുകാണുന്നില്ല. പരിചയക്കുറവ് മൂലമാണ് ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതെന്നും ഈ കാലയളവിലെ ശമ്പളം സർക്കാരിലേക്കടച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം.36/23.11.2020-നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും നിയമാനുസൃതമായ ബാധ്യതകൾ നിർവഹിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-35 പത്രപരസ്യം -ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല

നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്ക് പത്രപരസ്യം നല്കിയതിൽ നഗരസഭക്ക് അർഹതപ്പെട്ട ഡിസ്കൗണ്ട്

ലഭിച്ചിട്ടില്ല. ജി.ഒ(പി)നം.17/15/I&PRD dated 8.12.15പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് എല്ലാത്തരം പത്രപ്പരസ്യങ്ങൾക്കും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ് . എന്നാൽ താഴെ പറയുന്ന പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. (എല്ലാ പത്രങ്ങളും മലയാള മനോരമയുടേത്)

| വൗച്ചർ നമ്പർ തീയതി | തുക | ബിൽ നമ്പർ |
|---|---|---|
| ഇല്ല | 11466 | KL0194285382/ തീയതി.20.03.2018 |
| | 12348 | KL0194043883/തീയതി 24.05.2018 |
| | 8820 | KL0194182903 തീയതി 06.10.2018 |
| | 8820 | KL0194123553 തീയതി 10.11.2018 |
| | 10584 | KL0194187330 തീയതി 1.12.2018 |
| | 10584 | KL0194187311 തീയതി 1.12.2018 |

പത്രപരസ്യം ചാർജ്ജിൽ ഡിസ്കൗണ്ട് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ മാധ്യമ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-36 ടെക്നിക്കൽ അസിസ്റ്റന്റിന് ഏൺഡ് ലീവ് സറണ്ടർ-20 ദിവസത്തെ ഏൺഡ് ലീവ് സറണ്ടർ- അനുവദനീയമല്ല.

നഗരസഭയിലെ ടെക്നിക്കൽ അസിസ്റ്റന്റ് ദിവ്യശ്രീ.ടി.എസ്. എന്നവർക്ക് (വൗച്ചർ നം.ഇല്ല) 20 ദിവസത്തെ ഏൺഡ് ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്. 21420 രൂപ പ്രതിമാസവേതനം കൈപ്പറ്റുന്ന ഇവർക്ക് ലീവ് സറണ്ടർ ആയി 14280 രൂപയാണ് അനുവദിച്ചിട്ടുള്ളത്.കെ.എസ്. ആർ ഭാഗം I അപ്പന്റിക്സ് VIII പ്രകാരം 15 ദിവസത്തെ ഏൺഡ് ലീവ് ആയി 10710 രൂപക്ക് മാത്രമാണ് അർഹതയുള്ളത്. ഇതു സംബന്ധിച്ച എൻക്വയറിക്കുള്ള (നം.31/23.11.2020) മറുപടിയിൽ ജി.ഒ(പി) നം.324/2004/Fin dated 12.07.2004 പ്രകാരമാണ് ഈ ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് ശരിയായ നിരീക്ഷണമല്ല. ഈ ഉത്തരവ് "Subject to eligibility" ആണ്. കരാർ ജീവനക്കാർ ഒരു വർഷം ആർജ്ജിക്കുന്ന അവധി 15 ആയതിനാൽ അത് സറണ്ടർ ചെയ്യാനാണ് അർഹതയുള്ളത്.

3570 രൂപ അനർഹമായതിനാൽ തിരികെ ഈടാക്കേണ്ടതാണ്.

## 1-37 ഉച്ചഭക്ഷണ പാത്രങ്ങൾ വാങ്ങൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

ഉച്ചഭക്ഷണ പാത്രങ്ങൾ വാങ്ങൽ (പ്രോജക്ട് നം.74/19) എന്ന പ്രോജക്ട് പ്രകാരം 2018-19 വർഷം 93,199 രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം. 3/18-19/28-01-2019 പിൻവലിച്ചത്). കൈരളി ഏജൻസീസ് , കൂത്തുപറമ്പ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 1772/24-01-2019 പ്രകാരം 1085 എണ്ണം വീതം സ്റ്റീൽ പ്ലേറ്റ് , ഗ്ലാസ് എന്നിവയാണ് വാങ്ങിയത്. എന്നാൽ പ്രസ്തുത പാത്രങ്ങൾ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്കൂളുകളിൽ നിന്ന് ലഭിച്ച കൈപ്പറ്റ് രശീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന സ്കൂളുകളിൽ നിന്ന് ലഭിച്ച കൈപ്പറ്റ് രശീതിയിൽ ലഭിച്ച സാധനങ്ങളുടെ പേര് , എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്കൂളിന്റെ പേര് |
|---|---|
| 1 | എരഞ്ഞികുളങ്ങര എൽ.പി.സ്കൂൾ |
| 2 | നടക്കകം എൽ.പി |
| 3 | തിരുവാൽ യു.പി |

| | |
|---|---|
| 4 | പുല്ലൂക്കര എൽ.പി |
| 5 | പുല്ലൂക്കര നോർത്ത് എൽ.പി |
| 6 | പെരിങ്ങളം ചാലിയ എൽ.പി |
| 7 | കരിയാട് ഗവ.യു.പി |
| 8 | പുതുശ്ശേരി ഗവ.യു.പി |
| 9 | കരിയാട് സൌത്ത് എൽ.പി & യു.പി |
| 10 | കിടഞ്ഞി യു.പി |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം . 26/18-19 തീ. 20.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-38 ഒന്നാം ക്ലാസ് ഒന്നാം തരം പ്രോജക്ട് നടത്തിപ്പിലെ അപാകത

ഒന്നാം ക്ലാസ് ഒന്നാം തരമാക്കൽ (73 /19) എന്ന പ്രോജക്ടിന് വേണ്ടി 500000 - രൂപ മെയ്ന്റനൻസ് ഗ്രാന്റ് ,നോൺ റോഡിനത്തിൽ വകയിരുത്തിയിട്ടുണ്ട്. 3,17,826 രൂപയാണ് പ്രസ്തുത പ്രോജക്ടിന് വേണ്ടിയുള്ള ആകെ ചെലവ്. ചെലവിന്റെ വിവരം താഴെ പറയും പ്രകാരമാണ്.

.

| തുക | ബിൽ നം. / തീയ്യതി | വാങ്ങിയ സാധനം | ഇൻവോയ്സ് നം./തീയ്യതി |
|---|---|---|---|
| 1,15,500/- | 08 /18-19/19-03-19 | എൽ.ഇ.ഡി ടി.വി (3 എണ്ണം) | കെ.എസ്.ഇ.ഡി.സി / സി.എൽ.ടി പ്രോ/18-19 /474 /07-03-19 |
| 1,16,706/- | 07/18-19/26-03-2019 | ലാപ് ടോപ്പ് (3 എണ്ണം) | 6504 / 07-03-2019 |
| 85,620/- | 09/18-19/26-03-2019 | 1 കെ.വി.എ.യു.പി.എസ് (3 എണ്ണം) | 6838/17-18/18-03-2019 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. കമ്പ്യൂട്ടറുകൾക്കായി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ ലാപ്‌ടോപ്പിന്റെ സീരിയൽ നമ്പർ രേഖപ്പെടുത്തി ഏതൊക്കെ സ്കൂളുകൾക്ക് ഏത് സീരിയൽ നമ്പർ പ്രകാരമുള്ളതാണ് നൽകിയതെന്ന് വ്യക്തമാക്കിയിട്ടില്ല

3. ലാപ് ടോപ്പിന്റെ കൂടെ യു.പി.എസ് വാങ്ങിയതിന്റെ ആവശ്യകത വ്യക്തമല്ല.

മേൽ അപാകത അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം . 43 /18-19 തീ. 20 .11.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-39 പാലിയേറ്റീവ് രോഗികൾക്ക് പോഷകാഹാര കിറ്റ് നൽകിയതിലെ അപാകത

നിർവ്വഹണം: മെഡിക്കൽ ഓഫീസർ

I.)സാന്ത്വന പരിചരണം (23/18-19) എന്ന പ്രോജക്ടിന്റെ ഭാഗമായി പാലിയേറ്റീവ് രോഗികൾക്ക് പോഷകാഹാര കിറ്റ് നൽകുന്നതിന് 98,950 രൂപ ( ബിൽ നം 11/18-19/13-03-2019 പ്രകാരം പിൻവലിച്ചത്) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്ഹാജരാക്കിയ രേഖകളിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. ഓഡിറ്റിന് ഹാജരാക്കിയ പാലിയേറ്റീവ് രോഗികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരും പോഷകാഹാര കിറ്റ് കൈപ്പറ്റിയവരും വ്യത്യാസപ്പെട്ടിരിക്കുന്നു. പോഷകാഹാര കിറ്റ് കൈപ്പറ്റിയ താഴെ പറയുന്നവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

<u>പാനൂർ ,സി.എച്ച്.സി</u>

| ക്രമ നം. | പേര് | വാർഡ് നം. |
|---|---|---|
| 1 | മൂസ്സ , കൊയത്തിൽ ഹൌസ് | 12 |
| 2 | കുമാരൻ,വലിയ പീടിക പൊയിൽ ഹൌസ് | 12 |
| 3 | മുഹമ്മദ് മുസ്തഫ | 12 |
| 4 | ഐശു , വളപ്പിൽ ഹൌസ് | 3 |
| 5 | മറിയം ,കല്ലിൽ ഹൌസ് | 3 |
| 6 | ഗോവിന്ദൻ , നടുവിൽ കണ്ടിയിൽ ഹൌസ് | 3 |
| 7 | ജനീഷ് , ആശാരിപ്പറമ്പത്ത് | 6 |
| 8 | ഗോവിന്ദൻ , കിഴക്കയിൽ കുട്ടാട്ട് | 8 |
| 9 | കുഞ്ഞിമാത, മീത്തൽ ഹൌസ് | 4 |
| 10 | ഗോവിന്ദൻ , പള്ളിക്കൽ ചാൽ | 9 |
| 11 | സലാം , താഴെ വീട്ടിൽ കുനിയിൽ | 9 |
| 12 | ലത്തീഫ് , താഴെ വീട്ടിൽ കുനിയിൽ | 9 |
| 13 | സക്കീന , താഴെ വീട്ടിൽ കുനിയിൽ | 9 |
| 14 | കുഞ്ഞാമി , പാറോള്ളതിൽ | 9 |

<u>പെരിങ്ങളം പി.എച്ച്.സി</u>

| ക്രമ നം. | പേര് | രജിസ്റ്റർ നം. |
|---|---|---|

| | | |
|---|---|---|
| 1 | വിപിൻ കിടാരന്റവിട | 22/2014 |
| 2 | രാഘവൻ ,ശ്രീ ശൈലം | 19/2014 |

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്നവർക്ക് പോഷകാഹാര കിറ്റ് നൽകിയതായും കാണുന്നില്ല.

പാനൂർ , സി.എച്ച്.സി

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | മാത്യൂ, കായലോട്ട് | 8 |
| 2 | ഹംസ , നിയാസ് മൽസിൽ | 12 |
| 3 | ലക്ഷ്മി , കല്ലൻ കുന്നമ്മൽ | 5 |
| 4 | മുഹമ്മദ് താവത്ത് ഹൌസ് | 10 |
| 5 | കുഞ്ഞിപാത്തു ,അത്തോളിൻ | 8 |
| 6 | കുഞ്ഞിപാത്തു , മീത്തലെ മൊയിലോള്ളിൻ | 4 |
| 7 | മാത്യൂ പറയങ്ങാട്ട് | 8 |
| 8 | ഭാസ്കരൻ , നിർമ്മലാലയം | 13 |
| 9 | മമ്മു , വാണിന്റവിട | 10 |
| 10 | കുമാരൻ , പാലം തലക്കൽ | 10 |
| 11 | ശങ്കരൻ മാസ്റ്റർ ,കൃഷ്ണാലയം | 10 |
| 12 | മഹറൂഫ്, ജിസ്നാസ് | 13 |

പെരിങ്ങളം പി.എച്ച്.സി

| ക്രമ നം. | പേര് | രജിസ്റ്റർ നം. |
|---|---|---|
| 1 | ദേവി തെക്കയിൽ ,പുല്ലൂക്കര | 4/13 |
| 2 | നന്ദകുമാർ , ബലറാം വീട്ടിൽ | 14/16 |
| 3 | പദ്മിനി ടി.പി ,തൈപ്പറമ്പത്ത് | 15/19 |

മേൽ അപാകതകൾ സംബന്ധിച്ച് മറുപടി / രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം . 10/18-19 തീ. 18 .11.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പോഷകാഹാര കിറ്റ് നൽകിയതിനും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാത്തതിനും കാരണം അറിയിക്കേണ്ടതാണ്.

## 1-40 സാന്ത്വന പരിചരണം - പദ്ധതി നടത്തിപ്പിലെ അപാകത

നിർവ്വഹണം: മെഡിക്കൽ ഓഫീസർ

I.)സാന്ത്വന പരിചരണം (23/18-19) എന്ന പ്രോജക്ടിന്റെ ഭാഗമായി പാലിയേറ്റീവ് പരിചരണത്തിനായി ഹോം കെയർ കിറ്റ് വാങ്ങുന്നതിന് 96,832 രൂപ ( ബിൽ നം 06/18-19/26-12-2018 പ്രകാരം പിൻവലിച്ചത്)ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. മുദ്ര എന്റർപ്രൈസസ്, പ്രീമിയർ സർജിക്കൽസ് , ഡെബോണയർ ലിങ്ക്സ് എന്നീ 3 സ്ഥാപനങ്ങളാണ് ക്വട്ടേഷനിൽ പങ്കെടുത്തത്. ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഡബോണയർ ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത് . എന്നാൽ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കിന്റെ താരതമ്യ പട്ടിക ഫയലിൽ ലഭ്യമല്ല.

2. ഇൻവോയ്സ് നം. ഡി.എൽ.ജി 1223 / 20-11-2018 പ്രകാരം ലഭ്യമായ 34 സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്തതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

3. പ്രസ്തുത സ്ഥാപനത്തിന്റെ കേഷ് ബില്ല് ഫയലിൽ ലഭ്യമല്ല.

II) ബിൽ നം. 13/18-19/13-03-2019 പ്രകാരം പിൻവലിച്ച 98924 രൂപക്ക് വാങ്ങിയ ഉപകരണങ്ങൾ (ഇൻവോയ്സ് നം. ഡി.എൽ.ജി 1681 / 05-03-2019 പ്രകാരം ലഭ്യമായ സാധനങ്ങൾ) പെരിങ്ങളം , മേക്കുന്ന് എന്നീ പി.എച്ച്.സികൾക്കും പാനൂർ സി. എച്ച്.സി ക്ക് നൽകിയെന്ന് സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 69 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ ഉപകരണങ്ങൾ എത്ര എണ്ണം വീതം നൽകിയെന്ന് വ്യക്തമല്ല.

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ

1. വാങ്ങലുകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾ നിരക്ക് ക്വാട്ട് ചെയ്തതിന്റെ താരതമ്യ പട്ടിക ഫയലിൽ ലഭ്യമല്ല.

2. ഭരണസമിതി തീരുമാനം നമ്പർ/തീയ്യതി , പർച്ചേസിംഗ് കമ്മിറ്റി തീരുമാനം നമ്പർ / തീയതി എന്നിവ ഫയലിൽ ലഭ്യമല്ല

3. ഏത് പ്രോജക്ട് ഇൻവോയ്സ് പ്രകാരം വാങ്ങിയ സാധനങ്ങളാണെന്ന് സ്റ്റോക്ക് രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തുന്നില്ല. വാങ്ങിയ സാധനങ്ങൾ ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് പകരം ഇൻവോയ്സ് രജിസ്റ്ററിൽ ഒട്ടിച്ച് വെക്കുകയാണ് ചെയ്യുന്നത്.

മേൽ അപാകതകൾ സംബന്ധിച്ച് മറുപടി / രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/18-19 തീ. 18.11.2020) മറുപടിലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-41 ഒഴിഞ്ഞ ബാരലിന്റെ വില, ജി.എസ്.ടി ഈടാക്കിയിട്ടില്ല. തുക ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടക്കേണ്ടതാണ്.

മുൻസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ 2018-19 വർഷത്തെ റോഡ് പ്രവൃത്തികൾക്ക്, എസ്റ്റിമേറ്റ് പ്രകാരം, പേക്ക്ഡ് ബിറ്റുമിന്റെ വിലയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഫൈനൽ ബില്ല് നൽകുമ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ഒഴിഞ്ഞ ബാരലിന്റെ വില, ജി.എസ്.ടി എന്നിവ ഈടാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു .

| ക്രമ നം | പ്രോജക്ട് നം/ പേര് | കരാറുകാരൻ | എം.ബുക്ക് നം | ബിൽനം/ തീയതി/തുക/ ഇനം | ഉപയോഗിച്ച ബിറ്റുമെന്റെ അളവ് (KG) |
|---|---|---|---|---|---|
| 1 | 182/2019 കുറ്റേരി | ഇ മുഹമ്മദ് | 28/2017- | 2/18-05-2018 | SS1 91.80 |

| | | | | | |
|---|---|---|---|---|---|
| | മദ്രസ കുറ്റേരിക്കാവ് റോഡ് | സലീം | 18 | ₹348958<br>മെയിൻ്റനൻസ് ഫണ്ട് റോഡ് | RS1 232.20<br>VG30 2426.98 |
| 2 | 185/2019 പുതിയേറ്റം കണ്ടി പഞ്ചായത്ത് ലിമിറ്റഡ് റോഡ് | പി അഷറഫ് | 21/2017-18 | 3/18-05-2018<br>₹272589<br>മെയിൻ്റനൻസ് ഫണ്ട് റോഡ് | SS1 58.65<br>RS1 205.94<br>VG 30 2224.56 |
| 3 | 181/2019 കിടഞ്ഞിപള്ളി തീരദേശം റോഡ് | രാജീവൻ എം | 27/2017-18 | 4/18-05-2018<br>₹296382<br>മെയിൻ്റനൻസ് ഫണ്ട് റോഡ് | SS1 433.50<br>RS1 140.25<br>VG 30 1076.10 |
| 4 | 184/2019 പത്മ ടാക്കീസ് മൊകേരി<br>വയൽ റോഡ് | അരവിന്ദാക്ഷൻ ടി കെ | 27/2017-18 | 5/18-05-2018<br>₹349622<br>മെയിൻ്റനൻസ് ഫണ്ട് റോഡ് | RS1 239.61<br>VG 30 2558.57 |
| 5 | 180/2019 മുബാറക്ക് വെസ്റ്റ് യു പി സ്കൂൾ ടാറിംഗ് | അബ്ദുൾ മുഖദ്ദം | 55/2016-17 | 6/18-05-2018<br>₹288574<br>മെയിൻ്റനൻസ് ഫണ്ട് റോഡ് | RS1 209.25<br>VG 30 2344.39 |
| 6 | 198/2019 ഇലക്ട്രിസിറ്റി ഓഫീസ് എ വി മുക്ക് എടക്കാട് മുക്ക് റോഡ് ടാറിംഗ് | മുഹമ്മദ് സലീം ഇ | 49/2017-18 | 7/26-07-2018<br>₹80000<br>മെയിൻ്റനൻസ് ഫണ്ട് റോഡ്<br>₹15032/-<br>ചെക്ക് നമ്പർ 34885/20-08-2018 ( തനത് ഫണ്ട് ) | RS1 70.59<br>VG30 787.96 |
| 7 | 200/2019 നാറാണത്ത് പറമ്പ് ചെറുവത്ത് റോഡ് റീടാറിംഗ് | മുഹമ്മദ് സലീം ഇ | 48/2017-18 | 8/26-07-2018<br>₹340892<br>മെയിൻ്റനൻസ് ഫണ്ട് റോഡ് | SS1 198.90<br>RS1 203.57<br>VG30 2056.14 |
| 8 | 201/2019 കാപ്പുമ്മൽ റോഡ് ടാറിംഗ് | എം ബാലൻ | 46/2017-18 | 9/26-07-2018<br>₹349883<br>ധനകാര്യകമ്മിഷൻ ഗ്രാന്റ് | SS1 433.50<br>RS1 140.25<br>VG30 1076.10 |
| 9 | 220/2019 | മുഹമ്മദ് സലീം | 47/2017- | 10/26-07-2018 | SS1 1433.80 |

| | | | | | |
|---|---|---|---|---|---|
| | പുതിയേറ്റം കണ്ടി - മൊകേരി പഞ്ചായത്ത് ലിമിറ്റ് റോഡ് റീ ടാറിംഗ് | ഇ | 18 | ₹263845<br>മെയിന്റനൻസ് ഫണ്ട് റോഡ് | RS1 143.40<br>VG30 1438.28 |
| 10 | 203/2019 അരയാൽത്തറ വണ്ണത്താൻ വീട് പുഞ്ചവയൽ റോഡ് റീ ടാറിംഗ് | എം ബാലൻ | 50/2017-18 | 11/26-07-2018<br>₹199634<br>ധനകാര്യകമ്മിഷൻ ഗ്രാന്റ് | SS1 153<br>RS1 144<br>VG30 1298.28 |
| 11 | 204/2019 സംഗമം മുക്ക് മീത്തൽ അംഗൻവാടി റോഡ് ടാറിംഗ് | ഷിജിൻ എൻ കെ | 32/2017-18 | 12/31-07-2018<br>₹349578<br>ധനകാര്യകമ്മിഷൻ ഗ്രാന്റ് | SS1 300.50<br>RS1 97.08<br>VG30 744.83 |
| 12 | 204/2019 ശ്രീനാരായണ മഠം തിരുവാൽ പള്ളി റോഡ് ടാറിംഗ് | ഷിജിൻ എൻ കെ | 45/2017-18 | 13/31-07-2018<br>₹348532<br>ധനകാര്യകമ്മിഷൻ ഗ്രാന്റ് | SS1 147.40<br>RS1 142.96<br>VG30 1329.92 |
| 13 | 210/2019 ഗായത്രി റോഡ് ടാറിംഗ് | ഷിജിൻ എൻ കെ | 34/2017-18 | 14/31-07-2018<br>₹349060<br>ധനകാര്യകമ്മിഷൻ ഗ്രാന്റ് | SS1 127.50<br>RS1 190.59<br>VG30 1959.05 |
| 14 | 191/2019 സീതിക്കുനി കക്കാണത്തിൽ റോഡ് ടാറിംഗ് | രാജീവൻ എം | 16/2017-18 | 15/31-07-2018<br>₹299083<br>ധനകാര്യകമ്മിഷൻ ഗ്രാന്റ് | SS1 314.50<br>RS1 101.75<br>VG30 780.70 |
| 15 | 197/2019 ചെട്ട്യാംവീട്ടിൽ മുക്ക് - പാലത്തായി യു പി സ്കൂൾ ടാറിംഗ് | ടി.കെ അരവിന്ദാക്ഷൻ | 70/2017-18 | 18/30-11-2018<br>₹215000<br>ധനകാര്യകമ്മിഷൻ ഗ്രാന്റ് | SS1 314.50<br>RS1 101.75<br>VG30 780.70 |

ഫൈനൽ ബില്ല് നൽകുമ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ഒഴിഞ്ഞ ബാരലിന്റെ വില, ജി.എസ്.ടി എന്നിവ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (22/20-11-2020) തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.കരാറുകാരിൽ നിന്നും തുക ഈടാക്കി ഒഴിഞ്ഞ ബാരൽ വില സഞ്ചിത നിധിയിലേക്കും ജിഎസ്ടി ബന്ധപ്പെട്ട കണക്കിനത്തിലും ഒടുക്കേണ്ടതും അനുബന്ധരേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

### 1-42 മരാമത്ത് പ്രവൃത്തികൾ -ടെണ്ടർ കുറവ് ഈടാക്കിയില്ല-അധികം നല്കിയ ₹40749 തിരികെ ഈടാക്കേണ്ടതാണ്

താഴെ കാണിച്ച മരാമത്ത് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിലും കുറഞ്ഞ നിരക്കിലാണ് കരാറുകാർ ഏറ്റെടുത്തത് .

എന്നാൽ ടെണ്ടർ കുറവ് കണക്കിലെടുക്കാതെ ഫൈനൽ ബിൽ തുക അനുവദിച്ചത് കാരണം ₹ 40749 അധികമായി കരാറുകാർക്ക് നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പേര്- | കരാറുകാരൻ | ബിൽ നമ്പർ തീയതി തുക | ആകെ പ്രവൃത്തി മൂല്യം | ഈടാക്കേണ്ട ടെണ്ടർ കുറവ്(%) തുക |
|---|---|---|---|---|---|
| 1 | 184/2019 പത്മ ടാക്കീസ് മൊകേരി വയൽ റോഡ് | അരവിന്ദാക്ഷൻ ടി കെ | 5/18-05-2018 ₹349622(മെയിന്റനൻസ് ഫണ്ട് (റോഡ്)) | ₹349622 | 0.01 ₹35 |
| 2 | 200/2019 നാറാണത്ത് പറമ്പ് ചെറുവത്ത് റോഡ് റീടാറിംഗ് | മുഹമ്മദ് സലീം ഇ | 8/26-07-2018 ₹340892 മെയിന്റനൻസ് ഫണ്ട് റോഡ് | ₹340892 | 0.01 ₹34 |
| 3 | 220/2019 പുതിയേറ്റം കണ്ടി - മൊകേരി പഞ്ചായത്ത് ലിമിറ്റ് റോഡ് റീ ടാറിംഗ് | മുഹമ്മദ് സലീം ഇ | 10/26-07-2018 ₹263845 മെയിന്റനൻസ് ഫണ്ട് റോഡ് | ₹263845 | 0.01 ₹26 |
| 4 | 40/2019 നാറാണത്ത് പറമ്പ് ചെറുവത്ത് കൊട്ടാരം ശ്രീനാരായണ മഠം റോഡ് | മുഹമ്മദ് സലീം ഇ | 40/20-03-2019 ₹389350 ധനകാര്യ കമ്മീഷൻ അവാർഡ് (ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെ) | ₹381343 | 9% ₹34321 |
| 5 | 279/2019 പത്മടാക്കീസ് മൊകേരിവയൽ റോഡ് റീ ടാറിംഗ് | മുഹമ്മദ് സലീം ഇ | 42/20-03-2019 ₹184912 ധനകാര്യ കമ്മീഷൻ അവാർഡ് (ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെ) | ₹180954 | 3.5% ₹6333 |
| | | | | | ₹ 40749 |

₹40749 അധികം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (23/20-11-2020) തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കേണ്ടതും തുക തിരിച്ചടച്ച് ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-43 മരാമത്ത് പ്രവൃത്തി സമയബന്ധിതമായി തീർക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല.

കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഒറിജിനൽ കാലാവധിക്കകം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെട്ടുത്താവുന്നതാണ്. ദീർഘീകരണം ലഭിക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം പൂർത്തീകരിച്ച പ്രവൃത്തികൾ അനധികൃതമാണ് കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണം സാധ്യമല്ലെങ്കിൽ ദീർഘീകരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി/01.02.2012 പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112,2112-1 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂർത്തീകരണത്തിനുള്ള കാലാവധിയുടെ ദീർഘീകരണം ഒറ്റത്തവണ ഒറിജിനൽസമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. ഒറിജിനൽസമയത്തിന്റെ 25 ശതമാനമോ അല്ലെങ്കിൽ 6 മാസം ഏതാണോ കുറവെങ്കിൽ അത് ആയിരിക്കും പരമാവധി ദീർഘീകരണം. ദീർഘീകരണം യഥാർത്ഥ പൂർത്തീകരണ തീയതിയുടെ 50% ൽ അധികരിക്കാൻ പാടില്ല.

1 -സീതിക്കുനി കക്കാണത്തിൽ റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 191/2019 സീതിക്കുനി കക്കാണത്തിൽ റോഡ് ടാറിംഗ് |
| ചെലവ്/<br>ബിൽ നമ്പർ തീയതി | 15/31-07-2018 ₹299083<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| കരാറുകാരന്റെ പേര് | രാജീവൻ എം |
| കരാർ തുക (എഗ്രീഡ് പി.എ.സി.) | 299865 |
| കരാർ തീയതി | 39/AE/LSGD/PMC/2016-17 Dated 09-03-2017 |
| സ്ഥലം കൈമാറിയ തീയതി | 27-03-2017 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട ദിവസം | എഗ്രിമെന്റ് രജിസ്റ്ററിൽ വൈറ്റ്നർ ഉപയാഗിച്ച് മായ്ച്ചിട്ടുണ്ട്. |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 26-03-2018 (1 വർഷം 18 ദിവസം) |
| എം.ബുക്ക് നമ്പർ. | 16/17-18 |

പ്രസ്തുത കാലയളവിൽ നടത്തിയ സമാന പ്രവൃത്തികൾക്ക് 3 മാസം പൂർത്തീകരണ കാലയളവാണ് അനുവദിച്ചത്.
മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഒരുവർഷവും 18 ദിവസവും എടുത്തിട്ടുണ്ട്. കാലതാമസത്തിന് യാതൊരു നടപടിയും സ്വീകരിക്കാതെ പ്രവൃത്തിയുടെ അന്തിമ ബിൽ നല്കിയത് തെറ്റാണ്.

2- കാപ്പുമ്മൽ റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 92/2019 കാപ്പുമ്മൽ റോഡ് ടാറിംഗ് |
| ചെലവ്/<br>ബിൽ നമ്പർ തീയതി | 22/30-11-2018 ₹1,50,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ചെക്ക് നമ്പർ 3704012/ 05-12-2018 ₹138817 |
| | |

| | |
|---|---|
| കരാറുകാരന്റെ പേര് | ബാലൻ എം |
| കരാർ തുക (എഗ്രീഡ് പി.എ.സി.) | 290483 |
| കരാർ തീയതി | 4/AE/LSGD/PMC/2018-19 Dated 01-06-2018 |
| സ്ഥലം കൈമാറിയ തീയതി | 01-06-2018 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട ദിവസം | 31-08-2018 |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 30-10-2018 |
| എം.ബുക്ക് നമ്പർ. | 69/17-18 |

3-നാങ്കണ്ടിത്താഴെ വലിയപറമ്പത്ത് റോഡ് റീടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 250/2019 നാങ്കണ്ടിത്താഴെ വലിയപറമ്പത്ത് റോഡ് റീടാറിംഗ് |
| ചെലവ്/<br>ബിൽ നമ്പർ തീയതി | 27/19-01-2019 ₹2,97,745 മെയിന്റനൻസ് ഫണ്ട് (റോഡ്) |
| കരാറുകാരന്റെ പേര് | അനൂപ് കുമാർ കെ വി എം |
| കരാർ തുക | 297976 |
| കരാർ തീയതി | 46/AE/LSGD/PMC/2018-19 Dated 23-03-2018 |
| സ്ഥലം കൈമാറിയ തീയതി | 23-03-2018 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട ദിവസം | 22-06-2018 |
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 10-01-2019 |
| എം.ബുക്ക് നമ്പർ. | 51/17-18 |

4-ക്കുറ്റേരി മുള്ളൻകുന്ന റോഡ് റീ ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 47/2019 ക്കുറ്റേരി മുള്ളൻകുന്ന റോഡ് റീ ടാറിംഗ് |
| ചെലവ്/<br>ബിൽ നമ്പർ തീയതി | 41/20-03-2019 ₹2,97,197 മെയിന്റനൻസ് ഫണ്ട് (റോഡ്) |
| കരാറുകാരന്റെ പേര് | മുഹമ്മദ് സലീം ഇ |
| കരാർ തുക | 290765 |
| കരാർ തീയതി | 34/AE/LSGD/PMC/2018-19 Dated 05-11-2018 |
| സ്ഥലം കൈമാറിയ തീയതി | 05-11-2018 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട ദിവസം | 04-02-2019 |
| | |

| | |
|---|---|
| പ്രവൃത്തി പൂർത്തീകരിച്ച ദിവസം | 15-12-2019 |
| എം.ബുക്ക് നമ്പർ. | 03/18-19 |

പൂർത്തീകരണത്തിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്ന് പൊതുമരാമത്ത് വകുപ്പ് മാന്വലിൽ നിർദ്ദേശിച്ച നിരക്കിൽ പിഴ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല (നം.20/20.11.2020)

## 1-44 ഭവന നവീകരണം - വാല്യൂവേഷൻ തുകയിലും അധികം നല്കിയ 17,495 രൂപ തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഇൻസ്പെക്ടർ

പ്രോജക്റ്റ് നമ്പർ/പേര് - ഭവന നവീകരണം

അടങ്കൽ -₹ 15,00,000 ചെലവ് ₹10,00,000

പ്രോജക്റ്റ് പ്രകാരം മേൽക്കൂര മാറ്റുന്നതിന് ധനസഹായം നല്കിയ ഗുണഭോക്താവിന് അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസീയർ നല്കിയ വാല്യുവേഷൻ തുകയേക്കാൾ ₹17,495 അധികം നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് മേൽവിലാസം | നല്കിയ തുക | വാല്യൂവേഷൻ തുക | വാല്യൂവേഷനിലും അധികം നല്കിയ തുക |
|---|---|---|---|---|
| 1 | മാധവി ടി വി<br>ചെറുപുല്ലൂക്കരയിൽ തുണ്ടിവയൽ പുല്ലൂക്കര | ₹50000<br>(ബിൽ നമ്പർ 7/15-03-2019 2,00,000/-) | ₹32505 | ₹17,495 |

വാല്യൂവേഷനിലും അധികം തുക നല്കിയതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 21/20-11-2020 അധികം നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നല്കിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-45 ലൈഫ് ഭവന പദ്ധതി പൂർത്തികരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കൽ - ധനസഹായം നല്കിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ശ്രീ ശിവശങ്കരൻ പുള്ളുവട്ടംകാവ് ലക്ഷം വീട് , ( വാർഡ് 31 ) എന്നവർക്ക് 2015-16 ൽ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 80,000 രൂപ അനുവദിച്ചിരുന്നു. തുക ഉപയാഗിച്ച് പ്രവൃത്തി ലിന്റൽ വരെ പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഗുണഭോക്താവിന് 08-02-2018 ന് 90000 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. പ്രവർത്തി പൂർത്തികരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തിയാക്കാത്തപക്ഷം നല്കിയ 1,70,000 രൂപ പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 പി എം എ വൈ വിവിധ ഗഡുക്കൾ കൈപറ്റിയ 83 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പി എം എ വൈ പ്രോജക്റ്റുകൾ മൂന്ന് ഘട്ടങ്ങളിലായി അംഗീകരിച്ച 289 ഗുണഭോക്താക്കളിൽ 204 മാത്രമാണ് 31-10-2020 വരെ ഭവനനിർമ്മാണം പൂർത്തിയാക്കി മുഴുവൻ ഗഡുക്കളും കൈപ്പറ്റിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഭവന നിർമ്മാണ ഘട്ടം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിച്ച | എഗ്രിമെന്റ് കൈപ്പറ്റി ആദ്യ ഗഡു കൈപ്പറ്റിയ | രണ്ടാം ഗഡു കൈപ്പറ്റി | മൂന്നാം ഗഡു കൈപ്പറ്റി | ഭവന നിർമ്മമാണം പൂർത്തിയാ | ആദ്യ ഗഡു കൈപ്പറ്റി ഭവന |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഗുണഭോക്താക്കളുടെ എണ്ണം | വരുടെ എണ്ണം | യവരുടെ എണ്ണം | യവരുടെ എണ്ണം | ക്കിയവരുടെ എണ്ണം | നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം |
| I | 150 | 149 | 149 | 144 | 137 | 113 | 36 |
| II | 107 | 106 | 106 | 104 | 93 | 74 | 32 |
| III | 32 | 32 | 32 | 32 | 29 | 17 | 15 |
| | 289 | 287 | 287 | 280 | 259 | 204 | 83 |

വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവരുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിലെ പൊതു അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 70/2019 പി എം എ വൈ (ജനറൽ) ലൈഫ് പദ്ധതിപ്രകാരം താഴെ പറയും പ്രകാരമാണ് പദ്ധതി തയ്യാറാക്കിയത്

അടങ്കൽ -7,35,05,000

വികസനഫണ്ട് ജനറൽ -65,05,000

ചെലവ് - 59,00,000 (ബിൽ നമ്പർ 2/30-08-2018)

കേന്ദ്രാവിഷ്കൃത ഫണ്ട്- 50,25,0000

സംസ്ഥാനാവിഷ്കൃത ഫണ്ട് 16,75,000

ഡി.പി.ആർ 1, 2, 3, എന്നീ മൂന്ന് ഘട്ടങ്ങളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് തൻ വർഷം കാഷ്ബുക്ക് പ്രകാരം 3.40 കോടിയോളം രൂപ ചെലവ് ചെയ്തിട്ടുണ്ട്. വികസന ഫണ്ട് ജനറൽ, കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയിൽ നിന്നുള്ള തുകകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ വികസന ഫണ്ടിൽനിന്ന് പിൻവലിച്ച 59,00,000 രൂപ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുകയും, പിന്നീട് ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് നല്കുകയുമാണ് ചെയ്യുന്നത്. പദ്ധതി (വികസന ഫണ്ട്) പണം ചെലവ് വരുമെന്ന നിഗമനത്തിൽ വികസനഫണ്ടിൽ നിന്നും ട്രഷറിയിൽ നിക്ഷേപിച്ചത് ശരിയായ നടപടിയല്ല. കേന്ദ്ര സംസ്ഥാന വിഹിതമിനത്തിൽ ലഭിച്ച ₹1,96,80,000 പി.എം.എ.വൈ പദ്ധതിക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച 67384289462നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ ഹഡ്കോയിൽ നിന്ന് വായ്പയിനത്തിൽ ലഭിച്ച 56,40,000 രൂപയും പ്രസ്തുത അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത അക്കൌണ്ടുകളിൽ നിന്ന് പിൻവെലിച്ച് ഗുണഭോക്താക്കൾക്ക് ഡിപിആർ ഒന്നും , രണ്ടും മൂന്നും ഘട്ടങ്ങളിലെ തുക അനുവദിക്കുകയാണ് ചെയ്തത്. അപ്രോപ്രിയേഷൻ കൺട്രോൾ സൂക്ഷിക്കാത്തതിനാൽ ഓരോ ഇനത്തിലും എത്ര രൂപ വരവ്, ചെലവ് ചെയ്തതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേന്ദ്ര സംസ്ഥാന ചെലവുകൾ ചെലവ് പത്രികയിലും ചേർത്തിട്ടില്ല. സ ഉ (കൈ)17/2018/ത.സ്വ.ഭ.വ തീയതി 02-02-2018 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 2-3 (5) പ്രകാരം തദ്ദേശ സ്ഥാപനം അതിന്റെ അതിർത്തിക്കുള്ളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുൻവർഷം ആരംഭിച്ച ഡി പി ആർ 1, 2 ഘട്ടം പദ്ധതികൾക്കായി പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കാതെ ചെലവുകൾ നടത്തിയിട്ടുണ്ട്. മുൻവർഷത്തെ പദ്ധതികൾക്ക് പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ചെലവുകൾ പ്രോജക്ടിന്റെ ഭാഗമായി നിർവ്വഹിക്കേണ്ടതുമാണ്.

## 1-47 മോണിറ്ററിംഗ് റിപ്പോർട്ടിലെ അപാകത

ഓഡിറ്റ് വർഷം ഹെഡ് മാസ്റ്റർ 7 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ പൂർത്തിയാക്കിയതിന്റെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ' മേൽ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ള 'മാനദണ്ഡങ്ങൾ പാലിക്കാതെ 'പ്രവർത്തനം പൂർണ്ണമായി ചെയ്ത് തീർത്തിട്ടുണ്ടെന്നാണ്' രേഖപ്പെടുത്തിയിട്ടുള്ളത്. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം . 27 /18-19 തീ. 20 .11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ ശരിയായ രീതിയിൽ വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-48 നഗര ഉപജീവന മിഷൻ - ഗുണഭോക്താക്കൾക്ക് ഉപയുക്തമാകും വിധം സഹായധനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നില്ല.

2018-19 ൽ നഗര ഉപജീവന മിഷൻ പദ്ധതിക്കായി താഴെ പട്ടികയിൽ പ്രതിപാദിക്കുന്ന വിധത്തിൽ തുക ചെലവാക്കിയിട്ടുണ്ട്. എന്നാൽ പരിശീലന പരിപാടികളല്ലാതെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ധനസഹായങ്ങളൊന്നും സംരംഭകർക്ക് നൽകിയിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-25/18-19 തീയ്യതി 19.11.2020 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ ഉ (കൈ)നം. 17/2018/ തസ്വഭവ തീ.02.02.2018 ഖണ്ഡിക 18ൽ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും അതാത് പ്രദേശത്തെ സാമൂഹ്യവികസന പദ്ധതികളുമായി കൂട്ടിച്ചേർത്ത് ആ പ്രദേശത്തിന്റെ സ്ഥലപരമായ സമഗ്രവികസനം എന്ന് ലക്ഷ്യത്തോടെയായിരിക്കണം പ്രവർത്തിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പാനൂർ നഗരസഭയിൽ ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല. നടപ്പാക്കിയത് പരിശീലന പരിപാടികൾ മാത്രമാണ്. അവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | ചെലവ് |
|---|---|
| സംരംഭകത്വ വികസനം പ്രോത്സാഹനം - പരിശീലനം | ₹48950 (ചെക്ക് നമ്പർ 029040/25.9.2018) |
| നൈപുണ്യവികസനം - പരിശീലനം | ₹17302 (ചെക്ക് നമ്പർ 092002/11.4.2018₹10792, 092003/25.09.2018₹6510) |

കേന്ദ്രാവിഷ്കൃത പദ്ധതികൾ നഗരസഭാ പരിധിയിൽ പൊതുജനങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിന് ഉതകും വിധം ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-49 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

കന്നുകുട്ടി പരിപാലന പദ്ധതി (82/19) എന്ന പ്രോജക്ട് നടത്തിപ്പിനായി 1,93,675 രൂപ (വികസന ഫണ്ട്), 87,575 രൂപ (തനത് ഫണ്ട്) , 2,81,250 രൂപ (സംസ്ഥാനാവിഷ്കൃത വിഹിതം) ഇവ ഉൾപ്പെടുത്തി 5,62,500 രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41/18-19 തീ. 20.11.2020) നൽകിയ മറുപടിയിൽ പദ്ധതി പൂർത്തിയാകുന്ന മുറക്ക് തുക വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-50 പാലിന് സബ്സിഡി ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

പാലിന് സബ്സിഡി (88/19 ) എന്ന പ്രോജക്ടിനായി 2018-19 സാമ്പത്തിക വർഷം 800000 /- രൂപ (500000 - രൂപ ,വികസന ഫണ്ട്+ 300000 രൂപ ,തനത് ഫണ്ട്) വകയിരുത്തിയിരുന്നു. എന്നാൽ ലിറ്ററിന് 2 രൂപ നിരക്കിൽ 3,41,177

രൂപയാണ് ഈയിനത്തിൽ ചെലവുള്ളത്. പാനൂർ , കരിയാട്, പെരിങ്ങളം എന്നീ 3 സെക്ടറുകളിലായി 79 ഗുണഭോക്താക്കളെയാണ് പ്രസ്തുത പ്രോജക്ടിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ജി.ഒ (എം.എസ്) നം.22/2018 ത.സ്വ.ഭ.വ 14-02-2018 ഉത്തരവ് ഖ. 6.2.8 പ്രകാരം ലിറ്ററിന് 3 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കാമെന്നിരിക്കെ സബ്സിഡിയിനത്തിൽ 2 രൂപ മാത്രം നൽകിയതിന് വ്യക്തത വരുത്തേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം .38 /18-19 തീ. 20.11.2020) മുൻസിപ്പാലിറ്റിയുടെ തീരുമാന പ്രകാരമാണ് ലിറ്ററിന് 2 രൂപ മാത്രം വകയിരുത്തിയതെന്നാണ് അറിയിച്ചത്. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-51 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട നിരക്കിൽ ആനുകൂല്യംനൽകിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ( 175/19) എന്ന പ്രോജക്ടിനായി 2018-19 വർഷം 15,00000/- രൂപ വകയിരുത്തുകയും 14,65,400 /- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ജി.ഒ(എം.എസ്)22/2018/ത.സ്വ.ഭ.വ/14.02.2018 സബ്സിഡി മാർഗരേഖ ഖ.7.1.6.ബി യിൽ നിർദ്ദേശിക്കുന്ന നിരക്കിലുള്ള മുഴുവൻ ആനുകൂല്യങ്ങളും നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള മുഴുവൻ ആനുകൂല്യങ്ങളും നൽകാത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (നം . 46 /18-19 തീ. 23 .11.2020) മറുപടി നൽകിയിട്ടില്ല. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ആനുകൂല്യം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08-08-2019 മുതൽ 09-08-2019വരെ | കെ.എസ്.എ./കെ.എൻ.ആർ./ സി.16/1391/2019തീയതി: 20.08.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭക്ക് വായ്പയിനത്തിൽ 56,40,000 രൂപ വരവുണ്ട്. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ലോൺ രജിസ്റ്റർ പ്രകാരം ഹഡ്കോയിൽ നിന്നും വായ്പ ലഭ്യമാക്കിയതായി വ്യക്തമാവുന്നുണ്ട്. എന്നാൽ പ്രസ്തുത വിവരം വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. കണക്കുകളുടെ സൂക്ഷിപ്പിൽ നഗരസഭയുടെ അലംഭാവം ഇതിൽ വ്യക്തമാവുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വായ്പാ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല.വായ്പ രജിസ്റ്ററും കണക്കുകളും കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതായുണ്ട്. നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു. വായ്പാ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 123430635 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 115072111 |
| വരവിനങ്ങളിലുള്ള നഷ്ടം | 5200 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 58244 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2528383 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 1-23 | 5200 | സെക്രട്ടറി,<br>പാനൂർ നഗരസഭ |
| 2 | 1-42 | 40749 | മുനിസിപ്പൽ എഞ്ചിനീയർ,<br>പാനൂർ നഗരസഭ |
| 3 | 1-44 | 17495 | ഹെൽത്ത് ഇൻസ്പെക്ടർ,<br>പാനൂർ നഗരസഭ |

| | | | |
|---|---|---|---|
| | | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 2528383 | സന്തോഷ് കുമാർ മമ്പള്ളി, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രകാശൻ | ഹെൽത്ത് ഇൻസ്പെക്ടർ<br>കോഴിക്കോട് കോർപറേഷൻ | കുതിരുമ്മൽ<br>നന്മണ്ട<br>ബാലുശ്ശേരി |
| അനിൽ കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ ചെങ്ങളായി ഗ്രാമപഞ്ചായത്ത് | പുതിയ പുരയിൽ, മാങ്ങാട്,<br>കല്യാശ്ശേരി, 670562 |
| കെ കെ രാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ<br>പാനൂർ നഗരസഭ | കാവിൽ ഹൗസ്, കൊളപ്പ, ഇരിക്കൂർ, 670593 |
| സന്തോഷ് കുമാർ മമ്പള്ളി | സെക്രട്ടറി, കട്ടപ്പന മുനിസിപ്പാലിറ്റി | സന്തോഷ് കുമാർ മമ്പള്ളി, കുന്നമ്മൽ ഹൗസ്, ഉരവച്ചാൽ പി.ഒ., പഴശ്ശി, മട്ടന്നൂർ, കണ്ണൂർ ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2015-16 | KSA/കെ.എൻ.ആർ/B-2/183/2017/ തീയതി 10.02.2017 | 14 |
| 2016-17 | KSA./കെ.എൻ.ആർ/C-13/1839/2017/ തീയതി 19.12.2017 | 20 |
| 2017-18 | KSA/കെ.എൻ.ആർ/C-16/113/2019/ തീയതി 25.3.2019 | 33 |

സീനിയർഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം. കെ.എസ്.എ./കെ.എൻ.ആർ./സി.16/1091/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി: 02.02.2021

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994-ലെ കേരള നഗരപാലിക നിയമത്തിലെ 295(4)-ാം വകുപ്പ് എന്നിവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പാനൂർ നഗരസഭയുടെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Panoor Municipality RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 57427937.00 |
| Cash | Cash | RP-40(a) | 148661.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 3114067.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 22470.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 3499632.00 |
| 150000000 | Sale & Hire Charges | RP-5 | 113489.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 63828362.00 |
| 171000000 | Interest Earned | RP-8 | 1631716.00 |
| 180000000 | Other Income | RP-9 | 5200.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 9570113.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 5823570.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 34138467.00 |
| 340000000 | Deposits Received | RP-27 | 16250.00 |
| 350000000 | Other Liabilities | RP-29 | 1599199.00 |
| 410000000 | Fixed Assets | RP-31 | 2100.00 |
| 460000000 | Loans, Advances and Deposits | RP-41 | 66000.00 |
| | Grand total | | 181007233.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 9860385.00 |
| 220000000 | Administrative Expenses | RP-11 | 4888073.00 |
| 230000000 | Operations & Maintenance | RP-12 | 3434881.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 42713470.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 23511142.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 900000.00 |
| | | | |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 9992194.00 |
| | | | |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 2124048.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 316640.00 |
| 350000000 | Other Liabilities | RP-29 | 5688900.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | 299950.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 714681.00 |
| 340000000 | Deposits Received | RP-27 | 61650.00 |
| 350000000 | Other Liabilities | RP-29 | 3250363.00 |
| 410000000 | Fixed Assets | RP-31 | 4783612.00 |
| 412000000 | Capital work in Progress | RP-33 | 2417122.00 |
| 460000000 | Loans, Advances and Deposits | RP-41 | 115000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 65931485.00 |
| Cash | Cash | RP-40(b) | 3637.00 |
| | Grand Total | | 181007233.00 |

## അനുബന്ധം-2-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Panoor Municipality<br><br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 11309815.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 22470.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 733164.00 |
| 140000000 | Fee & User Charges | I-4(b) | 4146922.00 |
| 150000000 | Sale & Hire Charges | I-5(b) | 113489.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 180897880.00 |
| 171000000 | Interest Earned | I-8 | 1631716.00 |
| 180000000 | Other Income | I-9 | 177196.00 |
| | Total Income | | 199032652.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 18985986.00 |
| | | | |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 8560673.00 |
| 230000000 | Operations & Maintenance | I-12(b) | 3824576.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 132604870.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 20738542.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 9992194.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 1974048.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 280057.00 |
| | Total Expenditure | | 196960946.00 |
| | Gross Surplus/ Deficit of income over Expenditure | | 2071706.00 |
| 280000000 | Prior Period Item | I-18 | -941658.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3013364.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**<u>അനുബന്ധം-2-3</u>**

**<u>ബാലൻസ് ഷീറ്റ്</u>**

| Panoor Municipality BALANCE SHEET | | | |
|---|---|---|---|
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 51317996.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 4529234.00 |
| 312000000 | Reserves | B-3 | 54201279.00 |
| | Total Reserve & Surplus | | 110048509.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 21697549.00 |
| | Total Grants, Contributions for Specific Purposes | | 21697549.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1752479.00 |
| 350000000 | Other Liabilities | B-9 | 5883071.00 |
| | Total Current Liabilities and Provisions | | 7635550.00 |
| | TOTAL LIABILITIES | | 139381608.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 81269379.00 |
| 411000000 | Accumulated Depreciation | B-11 | -9638802.00 |
| 412000000 | Capital Work in Progress | B-11 | 0.0 |
| | | | |

| | | | |
|---|---|---|---|
| | Total Fixed Assets | | 71630577.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1696926.00 |
| 450000000 | Cash and Bank Balance | B-17 | 65935122.00 |
| 460000000 | Loans, Advances and Deposits | B-18 | 118983.00 |
| | Total Current Assets, Loans and Advances | | 67751031.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 139381608.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ